കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അഗളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം , പാലക്കാട്.

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി 24-2007/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി 01.11.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അഗളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അഗളി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഗളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും, ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : 1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി 24-2007/2017 തീയതി 01.11.2017.

## പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 09.11.2016 തീയതി മുതൽ 14.09.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രതീഷ് കുമാർ.പി.എം,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.09.2017 മുതൽ 23.09.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. പ്രേമാനന്ദ്.എസ് | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. സുരേഷ്.എ.ബി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ. ശിവപ്രസാദ്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|
| ശ്രീമതി. ശ്രീലക്ഷ്മി ശ്രീകുമാർ | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | |
| ശ്രീ. ജെ.ജോൺ (അസിസ്റ്റന്റ് സെക്രട്ടറി & സെക്രട്ടറി ഇൻചാർജ്ജ്) | 01-04-2016 മുതൽ 17-07-2016വരെ |
| ശ്രീ. ഗോപി.ടി.എസ് (ജൂനിയർ സൂപ്രണ്ട് & സെക്രട്ടറി ഇൻചാർജ്ജ്) | 18-07-2016വരെ 16-12-2016വരെ |
| ശ്രീ. വി.സി.ചന്ദ്രലാൽ, (അഡീഷൽ ചാർജ്ജ്) | 17-12-2016 മുതൽ 26-12-2016 വരെ |
| ശ്രീ. റ്റി.ജി.കനകാംബരൻ | 27-12-2016 മുതൽ 31-03-2017 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ. സുഭാഷ്.കെ.ആർ | 01-04-2016 മുതൽ |

| | | |
|---|---|---|
| | | 31-08-2016 വരെ |
| | ശ്രീ. ബാബു. ബി.എം | 01-09-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജെ.ജോൺ | 01-04-2016 മുതൽ 31-07-2016വരെ |
| | ശ്രീ. സുരേഷ്.എൻ.എ | 03-01-2017 മുതൽ 31-03-2017 വരെ |
| | 01-08-2016 മുതൽ 2-01-2017 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുകയായിരുന്നു. | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.എൻ.എസ്.സൗദാമിനി ക്കുക്കംപാളയം(പട്ടിമാളം സർക്കിൾ) | 01-04-2016 മുതൽ 31-03-2017 വരെ |
| | ശ്രീ.മാത്യു.ഒ.ആർ കാവുണ്ടിക്കൽ (കാരറ സർക്കിൾ) | 01-04-2016 മുതൽ 31-03-2017 വരെ |
| | ശ്രീമതി.പി.സജിത അഗളി & മുക്കാലി സർക്കിൾ | 01-04-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. വസന്തി.ആർ | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജിഷാ ജോൺസൺ എബ്രഹാം | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഷൈനി | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിന്ധുമോൾ | 01-04-2016 മുതൽ 31-03-2017വരെ |
| വെറ്റനറി സർജൻ | ഡോ.റെജിമോൻ | 01-04-2016 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ദീപ ജയൻ | 01-04-2016 മുതൽ 31-03-2017വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. വനജ.എസ് | 01-04-2016 മുതൽ 31-03-2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| | | ഭാഗം.1 |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം 2 |
| 1 | 2-1 | തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 2 | 2-2 | കോട്ടത്തറ മാർക്കറ്റ് പിരിവ് കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് |

| | | |
|---|---|---|
| 3 | 2-3 | വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക – ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല |
| 4 | 2-4 | പരസ്യനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 5 | 2-5 | പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 6 | 2-6 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് ഇല്ലാതെ പൗൾട്രി ഫാമുകൾ പ്രവർത്തിക്കുന്നു |
| 7 | 2-7 | തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം അക്കൗണ്ട് സൂക്ഷിക്കുന്നത് ക്രമവിരുദ്ധം |
| 8 | 2-8 | വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയത് ക്രമീകരിക്കേണ്ടതാണ്. |
| 9 | 2-9 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 10 | 2-10 | രസീതി ബുക്കുകൾ ഒരുമിച്ച് നൽകിയത് ക്രമവിരുദ്ധം |
| 11 | 2-11 | റദ്ദാക്കിയ രശീതി ബുക്കുകളുടെ ഡ്യൂപ്ലിക്കേറ്റ് രസീതി ബുക്കിൽ സൂക്ഷിച്ചിട്ടില്ല-ഉക അടവാക്കേണ്ടതാണ് |
| 12 | 2-12 | രസീതി ബുക്ക് പ്രകാരം വന്ന വരവുകൾ ബാങ്കിൽ അടവാക്കിയില്ല -ഓഡിറ്റ് അന്വേഷണ പ്രകാരം അടവാക്കി |
| 13 | 2-13 | ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 14 | 2-14 | ഡി & ഒ ലൈസൻസ് ഇല്ലാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് |
| 15 | 2-15 | വിനോദ നികുതി -രേഖകൾ ഹാജരാക്കിയില്ല |
| 16 | 2-16 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല |
| 17 | 2-17 | ഇ-ടെണ്ടർ - ടെണ്ടർ ഫോം ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കണം |
| ഭാഗം 3 | | |
| 1 | 3-1 | വിദ്യാർത്ഥികൾക്ക് കായിക പരിശീലനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 2 | 3-2 | വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 3 | 3-3 | വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.റ്റി) - പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ |
| 4 | 3-4 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.റ്റി) - പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ |
| 5 | 3-5 | വേസ്റ്റ് ബിൻ സ്ഥാപിക്കൽ- വാങ്ങിയ സ്ഥാപത്തിൽ നിന്നും ലഭിച്ച ബിൽ ഓഡിറ്റിന് ഹാജരാക്കിയില്ല |
| 6 | 3-6 | വൃദ്ധ വിശ്രമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങൽ-വാങ്ങിയ സ്ഥാപത്തിൽ നിന്നും ലഭിച്ച ബിൽ ഓഡിറ്റിന് ഹാജരാക്കിയില്ല |
| 7 | 3-7 | യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 8 | 3-8 | യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റുകൾ മുഴുവനായും വിതരണം ചെയ്തില്ല |
| 9 | 3-9 | ആശ്രയ പദ്ധതി - തുക പിൻവലിച്ചത് നാളിതുവരെയും കുടുംബശ്രീ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല |
| 10 | 3-10 | മരുന്ന് വാങ്ങൽ-ഹോമിയോ പ്രൊജക്റ്റിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ ലഭ്യമാക്കേണ്ടതാണ്. |
| 11 | 3-11 | നിയമാനസൃത കാലയളവ് കഴിഞ്ഞ് ഉത്സവ ബത്ത അനുവദിച്ചത് തിരികെ അടവാക്കാണം |
| 12 | 3-12 | കുടുംബശ്രീക്ക് വിവിധ പദ്ധതികൾക്കായി ലഭിച്ച തുക മുഴുവനും ചെലവഴിച്ചിട്ടില്ല |
| 13 | 3-13 | തെരുവു വിളക്ക് പുനരുദ്ധാരണം-കരാറുകാരനിൽ നിന്നും നിയമാനസൃത നികുതികൾ ഈടാക്കിയിട്ടില്ല |
| 14 | 3-14 | തെരുവു വിളക്ക് പുനരുദ്ധാരണം-കരാറുകാരനിൽ നിന്നും നിയമാനസൃത നികുതികൾ ഈടാക്കിയിട്ടില്ല |
| 15 | 3-15 | ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് തിരികെ നൽകേണ്ടതാണ് |
| 16 | 3-16 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല |
| 17 | 3-17 | ഐ.എ.വൈ. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് |
| 18 | 3-18 | അംഗണവാടികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ് |
| 19 | 3-19 | സമ്പൂർണ്ണ ഗാർഹിക ശൗചാലയ പദ്ധതി- അവലോകനം |

| | | |
|---|---|---|
| 20 | 3-20 | റെക്കോർഡ് റൂം റാക്ക് വാങ്ങിയത് നാളിതുവരെയും ഉപയോഗയോഗ്യമാക്കിയിട്ടില്ല |
| 21 | 3-21 | അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ |
| 22 | 3-21(1) | അനുവദിച്ച തുകയുടെ 35.52% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. |
| 23 | 3-21(2) | നിശ്ചിത സമയ പരിധി കഴിഞ്ഞ് മരാമത്ത് പണികളുടെ കരാർ ഒപ്പുവെക്കുമ്പോൾ നിയമാനുസൃതം പിഴ ഈടാക്കിയിട്ടില്ല. |
| 24 | 3-21(3) | നായ്ക്കർപാടി കോട്ടത്തറ നിവാസികൾക്ക് കുടിവെള്ളം ഉറപ്പാക്കണം |
| 25 | 3-21(4) | പഞ്ചായത്ത് അനക്സ് & കോൺഫറൻസ് ഹാൾ നിർമ്മാണം പൂർത്തീകരിക്കണം: |
| 26 | 3-21(5) | നക്കുപ്പതി പിരിവ് താഴെ ഊര് പാലം ഉപയോഗ പ്രദമാക്കണം. |
| 27 | 3-21(6) | വയോജന സൌഹൃദ ബസ് വെയ്റ്റിങ്ങ് ഷെഡ് നിർമ്മാണം - ഓടപ്പെട്ടി- അധികം നൽകിയ തുക ക്രമീകരിക്കണം. |
| 28 | 3-22 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം |
| ഭാഗം 4 | | |
| 1 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 2 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 5 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 6 | 4-6 | ഓഡിറ്റ് റിക്കവറി |
| 7 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 8 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 9 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 4-03-2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള ആകെ പ്രതീക്ഷിത വരവ് 13,46,20,000 രൂപയും, പ്രതീക്ഷിത ചെലവ് 11,19,33,000 രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 31-07-2017 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ചേർത്തിരിക്കുന്നു.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7716254.57 |
| വരവ് | 145742764.00 |
| ആകെ | 153459018.57 |

| | |
|---|---|
| ചെലവ് | 136884036.00 |
| നീക്കിയിരിപ്പ് | 16574982.57 |

2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചതിന് ശേഷം പഞ്ചായത്ത് 2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ നീക്കിയിരിപ്പിൽ നിന്നും വ്യത്യസ്തമായ തുകയാണ് 2016-17ലെ പ്രാരംഭബാക്കിയായി ചേർത്തിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചതിന് ശേഷം വീണ്ടും ധനകാര്യപത്രിക പരിഷ്കരിക്കുന്നത് ഉചിതമായ നടപടിയല്ല.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24222195 | 24222195 | 22033831 | 2188364 | 90.35 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3045300 | 3045300 | 3036963 | 8337 | 99.73 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 27086214 | 27086214 | 25780206 | 1306008 | 95.18 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16927446 | 16927446 | 8885864 | 8041582 | 52.49 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5740488 | 5740488 | 2600648 | 3139840 | 45.30 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16868831 | 16868831 | 13449376 | 3419455 | 79.73 |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 25520739 | 25520739 | 2050507 | 23470232 | 08.03 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | 1231 | 125032339 | 125033570 | 125032570 | 1000 | 99.99 |
| ബി ഫണ്ട് | 0 | 55260735 | 55260735 | 55260735 | 0 | 100.00 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ച പ്രോജക്ടുകൾ (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 268 | 193244153 | 138 | 97263812 | 6 | 124 | 51.49 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 31.95ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3714171 | 4977003 | (+)1262832 | (+)34.00 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 2396791 | 3086538 | (+)689747 | (+)28.78 |
| ആകെ | 6110962 | 8063541 | (+)1952579 | (+)31.95 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14400 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 1471570 | 154 |
| വിധവാപെൻഷൻ | 17433890 | 1561 |
| വാർദ്ധക്യകാലപെൻഷൻ | 32538570 | 2735 |
| വികലാംഗപെൻഷൻ | 3305975 | 358 |
| അവിവാഹിത പെൻഷൻ | 286330 | 22 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-09-2017 ന് ഉച്ചയ്ക്ക് ശേഷം 2.32 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22787രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ യോഗം കൃത്യമായി ചേരുന്നുണ്ട്. ട്രഷറി, ബാങ്ക് അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ ഓരോ മാസവും നടത്തി രേഖകൾ സൂക്ഷിക്കേണ്ടതാണ്. ഡി&ഒ ലൈസൻസ് അപേക്ഷ സ്വീകരിക്കുമ്പോൾ ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും കൂടെ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തു നികുതി കടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വെള്ളക്കരം കടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രതിദിന വരവുകൾ ബാങ്കിൽ അടവാക്കുന്നതിന്റെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-08-2017 | 07/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-04-2014 | 2009-10 മുതൽ 2013-14 വരെ | വിവരം ലഭ്യമല്ല |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

a)തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്യിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം

ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യാപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും വരുമാനപത്രിക ലഭ്യമാക്കുവാൻ ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

b) ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

c) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ നികുതി ഈടാക്കിയിട്ടില്ല.

1) അഗളി ക്ഷീരോൽപാദക സഹകരണ സംഘം

2) കെ.എസ്.ഇ.ബി

3) പാലക്കാട് ഡിസ്ട്രിക് കോപ്പറേറ്റീവ് ബാങ്ക്, അഗളി ബ്രാഞ്ച് (മൊബൈൽ യൂണിറ്റ്)

4) മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്

5) മണപ്പുറം ഫിനാൻസ് ലിമിറ്റഡ്

6) SBI അഗളി ബ്രാഞ്ച്

7) അട്ടപ്പാടി കോപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി

9) മാവേലി സ്റ്റോർ, അഗളി

10) BSNL (ബഹു. കേരളാ ഹൈക്കോടതിയുടെ 7-9-2016 ലെ WP(C)No.16670/2006 നമ്പർ വിധിന്യായത്തിൽ പ്രകാരം ബി.എസ്.എൻ.എൽ - നെ സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല)

11) മലബാർ മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ ലിമിറ്റഡ്, പാലക്കാട് ഡയറി

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഇടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

d) പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, പൈലറ്റ് ഡിസ്പൻസറി, മുക്കാലി | ഒന്നാം അർദ്ധവർഷം |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷൻ, അഗളി | രണ്ടാം അർദ്ധവർഷം |
| 3 | അഗളി ക്ഷീരോൽപാദക സഹകരണ സംഘം, അഗളി | രണ്ടാം അർദ്ധവർഷം |
| 4 | സയൻറിസ്റ്റ് ഡി, ക്ലസ്റ്റർ ഡവലപ്പ്മെന്റ് സെന്റർ, അഗളി | രണ്ടാം അർദ്ധവർഷം |
| 5 | അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഐ.സി.എ.ആർ, ഷുഗർകൈൻ ബ്രീഡിംഗ് | രണ്ടാം അർദ്ധവർഷം |
| 6 | എസ്.സി. ഡവലപ്പ്മെന്റ് ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത് മണ്ണാർക്കാട് | രണ്ടാം അർദ്ധവർഷം |

e) ഭവാനി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസ്, മുക്കാലിയിലെ ശ്രീ. ഇ.എം. സ്വാമിനാഥൻ (റിസർവ് ഫോറസ്റ്റ് വാച്ചർ) എന്നവരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| അടിസ്ഥാന ശമ്പളം | ഡി.എ | അലവൻസ് | ആകെ | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 113000 | 9615 | 11080 | 133695 | 1000 | 1250 | 250 |

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക ഈടാക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 കോട്ടത്തറ മാർക്കറ്റ് പിരിവ് കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കോട്ടത്തറ മാർക്കറ്റ് വരവിൽ താഴെ പറയും പ്രകാരം കുടിശ്ശികയുണ്ട്.

| വർഷം | ലേലം കൊണ്ട വ്യക്തി | ലേലതുക | അടച്ചത് | കുടിശ്ശിക |
|---|---|---|---|---|
| 2015-16 | സുരേഷ് S/O ദേവരാജ്<br>ഭൂതിവഴി<br>അഗളി പി.ഒ | 1,15,000 | 39,000 | 76,000 |
| 2016-17 | നഞ്ചൻ S/O ചിന്നൻ<br>ദൈവകുണ്ട് ഊര് | 1,25,000 | 42,500 | 82,500 |

കോട്ടത്തറ മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള ലേലതുക 2013-14 ൽ 1,76,000 രൂപയും 2014-15 ൽ 1,84,800 രൂപയുമായിരുന്നു. 2015-16, 2016-17 വർഷങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവായാണ് ലേലം വിളിച്ചത്. എന്നിട്ടും പുനർലേലം നടത്താനുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല. ലേലതുക കരാറുകാരിൽ നിന്നും ഈടാക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയത് ഈടാക്കാത്ത പക്ഷം ബന്ധപെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 25/22.9.17)

## 2-3 വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക – ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ആകെ 860/- ഗാർഹിക കണക്ഷനുകളും 194 ഗാർഹികേതര കണക്ഷനുകളുമാണുള്ളത്. വെള്ളക്കരം ഇനത്തിൽ ലഭ്യമാക്കുവാനുള്ള കുടിശ്ശികയുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 26/22.09.17 -ന് ലഭ്യമാക്കിയ മറുപടിയിൽ ഗാർഹിക കണക്ഷനുകൾക്ക് 100 രൂപ നിരക്കിലും ഗാർഹികേതര കണക്ഷനുകൾക്ക് 200 രൂപ നിരക്കിലും വെള്ളക്കരം ഈടാക്കി വരുന്നതായും യഥാസമയം വെള്ളക്കരം അടയ്ക്കാത്തവരിൽ നിന്നും പ്രതിമാസം 1 % പിഴ ഈടാക്കുന്നതായും അറിയിച്ചിട്ടുണ്ട്. വെള്ളക്കരം ഇനത്തിൽ തൻവർഷം 10,86,600 /-രൂപയും മുൻവർഷങ്ങളിൽ 36,30,279/-രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട്. വെള്ളക്കര രജിസ്റ്റർ പരിശോധിച്ചതിൽ പല വ്യക്തികളും സ്ഥാപനങ്ങളും വൻതുകകൾ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കുടിശ്ശിക തുക |
|---|---|---|
| 1 | ജലാലുദ്ദീൻ, മാണിക്കത്ത്, അഗളി | 94,500 |
| 2 | പ്രൊജക്ട് മാനേജർ, ജില്ലാ നിർമ്മിതി കേന്ദ്രം | 51,000 |
| 3 | അസി.സൂപ്രണ്ട് ഓഫ് പോലീസ്, സബ്ഡിവിഷൻ അഗളി | 54,000 |
| 4 | നോഡൽ ഓഫീസർ, ഗവ.ട്രൈബൽ ഹോസ്പിറ്റൽ | 86,400 |

വെള്ളക്കരം കുടിശ്ശിക ഈടാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. തനത് വരുമാനം കുറവായ പഞ്ചായത്തിൽ ലഭ്യമാകേണ്ട വരുമാനം ഈടാക്കുന്നതിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

## 2-4 പരസ്യനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിക്കുകയോ പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-6 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് ഇല്ലാതെ പൗൾട്രി ഫാമുകൾ പ്രവർത്തിക്കുന്നു

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ 2 കോഴി ഫാമുകൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായി കാണുന്നത്. വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ലൈസൻസ് ഇല്ലാതെ കോഴി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. ഫാമുകൾക്ക് ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകളും ഡയറി ഫാമുകളും ലൈവ്സ്റ്റോക്ക് ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല.

അപേക്ഷകൾ പൂർണ്ണമായി പരിശോധിച്ച് ബാധകമായ ചട്ടങ്ങൾ എല്ലാം പാലിക്കുന്നവെന്ന് ഉറപ്പാക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ലൈവ്സ്റ്റോക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്. ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട് എന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പുകൾ 232, 233, 234 & 254, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-7 തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നത് ക്രമവിരുദ്ധം

സർക്കുലർ നം. 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ തിയതി 26-5-2011 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുത് എന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കാൻ ട്രഷറി അക്കൗണ്ടിന് പുറമെ 3 ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിപ്പ് |
|---|---|---|---|
| 1 | എസ്.ബി.ഐ | 10644384058 | ₹46,82,771.57 |
| 2 | കാനറ ബാങ്ക് | 0849101008849 | ₹24,848.00 |
| 3 | ഷോളയൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 1712 | ₹ 28,68,664.00 |

സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം ഒറ്റ ബാങ്ക് അക്കൗണ്ടിൽ മാത്രം

നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയത് ക്രമീകരിക്കേണ്ടതാണ്

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ഉപയോഗം | വിസ്തീർണ്ണം (ച.മീ) | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| 2/380 | സേതുമാധവൻ സൈലന്റ് വാലി അഗ്രികൾച്ചറൽ ഫാം | ഫാം നടത്താൻ വേണ്ടി | 90 | പാർപ്പിടം |
| 1/48 | അമ്മിണി അമ്പലകുന്നേൽ വീട്, ചിണ്ടക്കി | പലചരക്ക് കട | 30 | പാർപ്പിടം |
| 9/59 | മാത്യു കെ.ജെ കാക്കനാട്ട് വീട്, അഗളി | പലചരക്ക് കട | 150 | പാർപ്പിടം |
| 19/362 | വി.ടി. ബേബി വടക്കേക്കര ഹൌസ് കള്ളമല പി.ഒ | പലചരക്ക് കട | 30 | പാർപ്പിടം |
| 9/530 | സന്തോഷ് എ.എസ് ചെരുമാല്യാൽ വീട് അഗളി (അബ്രഹാം ചാക്കോ, കുത്തോട്ടിൽ വീട്, അഗളി എന്നവരുടെ ഉടമസ്ഥതയിൽ) | ഗ്യാസ് & പ്ളൈവുഡ് | 20 | പാർപ്പിടം |

നികുതി നിർണ്ണയത്തിൽ 'പാർപ്പിട ആവശ്യത്തിന് ' എന്ന രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിച്ചു വരുന്നത്. കെട്ടിടങ്ങളുടെ തരം മാറ്റം വരുത്തി നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതും ഈയിനത്തിൽ പഞ്ചായത്തിന്റെ ആവർത്തന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 2-9 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | മൊബൈൽ ടവർ ഏജൻസിയുടെ പേര് | കുടിശ്ശിക തുക |
|---|---|---|---|
| 1 | 578 | റിലയൻസ് ടെലകോം | 1,26,000 |
| 2 | 36 | ഐഡിയ സെല്ലുലാർ മൊബൈൽ ടവർ | 43,584 |
| 3 | 187 | ഐഡിയ മൊബൈൽ ടവർ | 47,250 |
| 4 | 38 | ടാറ്റാ ഇൻഡികോം ടവർ | 58,500 |
| 5 | 461 | ഐഡിയ മൊബൈൽ ടവർ | 1,26,000 |
| 6 | 481 | ടവർ റിലയൻസ് | 75,600 |
| 7 | 192 | ടെലഫോൺ എക്സ്ചേഞ്ച് | 2,21,185 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/20.9.17) കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനും വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം

പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-10 രസീതി ബുക്കുകൾ ഒരുമിച്ച് നൽകിയത് ക്രമവിരുദ്ധം

പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജ്ജന് ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിനു വേണ്ടി 8 രസീതി ബുക്കുകൾ ( ബുക്ക് നമ്പർ 57311 മുതൽ 57318 വരെ) ഒരുമിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 2011 മുതൽ 2014 വരെയുള്ള രസീതി ബുക്കുകൾ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. 4 രസീതി ബുക്കുകൾ ഉപയോഗിക്കാതെ വെറ്റിനറി സർജ്ജൻ കൈവശം വച്ചിരിക്കുകയാണ്. ഇത് ശരിയായ നടപടി ക്രമമല്ല. ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലൊഴികെ എല്ലാ അവസരങ്ങളിലും ലഭിച്ച രസീതി ബുക്ക് പൂർണ്ണമായി ഉപയോഗിച്ചുതീരുകയും കൌണ്ടർഫോയിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീതി ബുക്ക് നൽകാൻ പാടില്ലാത്തതാണ്.

പുതിയ രസീത് ബുക്ക് നൽകുകയാണെങ്കിൽ ആയതിന്റെ കാരണം പുതിയ രസീതി ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതൊന്നും പാലിക്കാതെയാണ് രസീതി ബുക്കുകൾ വിതരണം ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-11 റദ്ദാക്കിയ രശീതി ബുക്കുകളുടെ ഡ്യൂപ്ലിക്കേറ്റ്, രസീതി ബുക്കിൽ സൂക്ഷിച്ചിട്ടില്ല-തുക അടയ്ക്കേണ്ടതാണ്

കൃഷി ഓഫീസർക്ക് നൽകിയ രസീതി ബുക്ക് നമ്പർ 57319 ൽ താഴെ പറയുന്ന രസീതി നമ്പറുകൾ റദ്ദാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. (ഈ രസീതികളിലൊന്നും തന്നെ തീയതി രേഖപ്പെടുത്തിയിട്ടില്ല)

| ക്രമ നം. | രതീതി ബുക്ക് / നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|---|
| 1 | 57319/19 | ടി.കെ. വർഗീസ്, തൊഴുത്തുകുടിയിൽ, താവളം | 750 |
| 2 | 57319/31 | ഫ്രാൻസിസ്, മണ്ണരിങ്കൽ ഹൌസ്, ജെല്ലിപ്പാറ | 600 |
| 3 | 57319/33 | ടി.കെ. വർഗീസ്, തൊഴുത്തുകുടിയിൽ, താവളം | 375 |
| 4 | 57319/38 | വെള്ളിങ്കിരി, കോട്ടത്തറ | 600 |
| 5 | 57319/53 | വർഗ്ഗീസ്, കായപ്ലാക്കൽ, ചിറ്റൂർ | 556 |
| 6 | 57319/54 | രേണുക.ജി, വടകോട്ടത്തറ | 600 |
| | | ആകെ | 3481 |

എന്നാൽ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് രസീതി ബുക്കിൽ ഇല്ല. ആയത് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (8/19-09.2017) നൽകിയെങ്കിലും ഹാജരാക്കുകയോ മറുപടി സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിൽ വരവ് വന്ന 3481 രൂപ അടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-12 രസീതി ബുക്ക് പ്രകാരം വന്ന വരവുകൾ ബാങ്കിൽ അടയ്ക്കാത്തത്-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടച്ചു.

a) താഴെ പറയുന്ന രസീതി ബുക്കുകൾ പ്രകാരം വരവ് വന്ന തുകകൾ ബാങ്കിൽ അടച്ചിരുന്നില്ല.

| രസീതി ബുക്ക് നമ്പർ | ഇനം | തുക |
|---|---|---|
| 57305/70 | കെട്ടിട നികുതി | 330 |
| 57305/71 | കെട്ടിട നികുതി | 89 |
| ആകെ | | 419 |

b)താഴെ പറയുന്ന രസീതി ബുക്കുകൾ പ്രകാരം വരവ് വന്ന തുകകൾ ബാങ്കിൽ അടച്ചതിൽ കുറവ് വന്നിട്ടുണ്ട്.

| രസീതി നമ്പർ | തുക | രജിസ്റ്റർ പ്രകാരം തുക | വ്യത്യാസം |
|---|---|---|---|
| 57304/89 | 840 | 840 | - |
| 57304/90 | 840 | 840 | - |
| 57304/91 | 840 | 840 | - |
| 57304/92 | 840 | 840 | - |
| 57304/93 | 252 | 252 | - |
| 57304/94 | 252 | 252 | - |
| 57304/95 | 252 | - | (-) 252 |
| 57304/96 | 462 | 462 | - |
| 57304/97 | 720 | 720 | - |
| 57304/98 | 264 | 264 | - |
| 57304/99 | 682 | 720 | (+) 38 |
| 57304/100 | 694 | 694 | - |
| ആകെ വരവ് | 6938 | 6724 | (-) 214 |

മുകളിൽ പരാമർശിച്ച ആകെ കുറവ് തുകയായ 633 രൂപ (419+214) ഓഡിറ്റ് അന്വേഷണം (9/19-09-2017) നൽകിയതിനെ തുടർന്ന് അടച്ചു.

ഓരോ ദിവസത്തെയും വരവുകൾ മുഴുവൻ അതാത് ദിവസം തന്നെ അടയ്ക്കേണ്ടതും ആയത് കളക്ഷൻ രജിസ്റ്ററിൽ രേഖപെടുത്തി ബന്ധപെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപെടുത്തുകയും ചെയ്യേണ്ടതാണ് എന്ന നിബന്ധന പാലിച്ചിട്ടില്ല. മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-13 ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വരവിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, ബിൽഡിംഗ് പെർമിറ്റ്, വാടക, വിനോദ നികുതി, വെള്ളക്കരം എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ ഇവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല. ആയത് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-14 ഡി & ഒ ലൈസൻസ് ഇല്ലാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 1714 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ / റസ്റ്റോറന്റുകൾ / ഗോഡൗണുകൾ | 1227 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ / റസ്റ്റോറന്റുകൾ / ഗോഡൗണുകൾ | 30 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ നു മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ / ഗോഡൗണുകൾ | - |
| ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 91 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ/പിരിഷെഡ് | 12 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള | 213 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 141 |
| ആകെ | 1714 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 1714 കെട്ടിടങ്ങളിൽ 2016-17 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 355 എണ്ണവും തൻവർഷം ഈയിനത്തിലുള്ള വരവ് 1,05,875 രൂപയുമാണ്.

സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള വ്യത്യാസത്തെ പറ്റി ഓഡിറ്റ് അന്വേഷണം (14/20.9.17) നൽകിയതിന് താമസാവശ്യത്തിനല്ലാത്ത മറ്റാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ മുഴുവൻ ഭാഗങ്ങളും വാണിജ്യാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നില്ല എന്ന മറുപടിയാണ് ലഭിച്ചത്. ഇത് അംഗീകരിച്ചാൽ തന്നെയും ഏകദേശം 50% ൽ അധികം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ആവശ്യമായ ഭൗതിക പരിശോധന നടത്തുകയും, ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-15 വിനോദ നികുതി -രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന തിയ്യേറ്ററിൽ നിന്നും വിനോദ നികുതി ഇനത്തിൽ 33,000 രൂപ വരവുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (30/23.09.17) നൽകിയതിന് പഞ്ചായത്തിന് തിയ്യേറ്ററിൽ നിന്നും ലഭിക്കുന്ന വിനോദ നികുതി വളരെ കുറവായതിനാൽ തിയ്യേറ്റർ ഉടമയുമായി ബന്ധപെട്ട് കോമ്പൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുകയും മാസം 3000 രൂപ നിശ്ചിത തുകയായി നിജപെടുത്തുകയുമായിരുന്നു എന്ന് മറുപടിയാണ് നൽകിയത്.

ടിക്കറ്റ് സീൽ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ യഥാർത്ഥത്തിൽ വിറ്റ ടിക്കറ്റുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമായില്ല. ആയതിനാൽ ഈയിനത്തിൽ വരവ് വന്ന 33,000 രൂപയുടെ കൃത്യത ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ല. രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-16 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ആയതിന് പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായം നൽകുന്നതിനായി തുക സ്വരൂപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്താവുന്നതാണ്.

## 2-17 ഇ-ടെണ്ടർ - ടെണ്ടർ ഫോം ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കണം

2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 41 പ്രൊജക്ടുകൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയായി ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട രൂ:268570/- (രണ്ടു ലക്ഷത്തി അറുപത്തെട്ടായിരത്തി അഞ്ഞൂറ്റി എഴുപത്) നാളിതുവരെ ലഭ്യമായിട്ടില്ല. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ (പാലക്കാട് ജില്ലാ പഞ്ചായത്ത്) നിന്നും തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | എസ്റ്റിമേറ്റ് തുക | ടെണ്ടർ ഫോം വില | നികുതി | ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ എണ്ണം | ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക |
|---|---|---|---|---|---|---|
| 1 | 29/17: പഞ്ചായത്ത് അനക്സ്& കോൺഫറൻസ് ഹാൾ(SO) | 5000000 | 2500 | 125 | 3 | 7500 |
| 2 | 25/17: ചിറ്റൂർ പുലിയറ റോഡ് ടാറിങ്ങ്(SO) | 1494261 | 2500 | 125 | 2 | 5000 |
| 3 | 104/17: തോട്ടാപ്പാടി നന്ദൻപടി റോഡ് പുനരുദ്ധാരണം | 700000 | 1400 | 70 | 3 | 4200 |
| 4 | 120/17:കള്ള മല കുറത്തിക്കല്ല് പ്രദേശം റോഡ് പുനരുദ്ധാരണവും ചപ്പാത്ത് നിർമ്മാണവും | 600000 | 1200 | 60 | 3 | 3600 |
| 5 | 116/17: കതിരംപതി ഊര് റോഡ് | 1000000 | 2000 | 100 | 2 | 4000 |

| | | | | | | |
|---|---|---|---|---|---|---|
| | പുനരുദ്ധാരണം | | | | | |
| 6 | 65/17: മുക്കാലി കൊട്ടിയൂർകുന്ന് കക്കപ്പടി റോഡ് പുനരുദ്ധാരണം | 1500000 | 2500 | 125 | 3 | 7500 |
| 7 | 114/17: മുക്കാലി കരുവാര റോഡ് റീ-ടാറിങ്ങ് | 1200000 | 2500 | 125 | 3 | 7500 |
| 8 | 119/17: വെള്ളമാരി കൽക്കണ്ടിയൂർ റോഡ് പുനരുദ്ധാരണം മൂന്നാം ഘട്ടം | 577000 | 1200 | 60 | 3 | 3600 |
| 9 | 107/17: വണ്ടൻപാറ ഗോപി പടി റോഡ് പുനരുദ്ധാരണം | 700000 | 1400 | 70 | 3 | 4200 |
| 10 | 78/17: പുലിയറ ഉമ്പപ്പാറ റോഡ് മെറ്റലിങ്ങും ടാറിങ്ങും | 900000 | 1800 | 90 | 3 | 5400 |
| 11 | 112/17: രാജഗിരി ചിന്നപ്പറമ്പ് റോഡ് റീ ടാറിങ്ങ് | 700000 | 1400 | 70 | 2 | 2800 |
| 12 | 77/17: വൈദ്യർ കോളനി റോഡ് | 1000000 | 2000 | 100 | 3 | 6000 |
| 13 | 115/17: രാജീവ് കോളനി റോഡ് പുനരുദ്ധാരണം | 500000 | 1000 | 50 | 2 | 2000 |
| 14 | 79/17: ആന ഗദ്ദ റോഡ് പുനരുദ്ധാരണം | 550000 | 1100 | 55 | 2 | 2200 |
| 15 | 72/17: മുണ്ടൻ പാറ മുന്നൂർ റോഡ് | 1300000 | 2500 | 125 | 2 | 5000 |
| 16 | 189/17: വണ്ടൻപാറ രാജഗിരി റോഡ് പുനരുദ്ധാരണം | 1200000 | 2500 | 125 | 2 | 5000 |
| 17 | 209/17: ദൈവക്കുണ്ട് ഉര് റോഡ് പുനരുദ്ധാരണം | 1000000 | 2000 | 100 | 2 | 4000 |
| 18 | 117/17: പാറവളവ് റോഡ് പുനരുദ്ധാരണം | 500000 | 1000 | 50 | 3 | 3000 |
| 19 | 181/17: ഫോഡർ ബാങ്ക് കള്ളമല | 606600 | 1220 | 65 | 3 | 3660 |
| 20 | 105/17: വെള്ളമാരി ഊര് സാംസ്കാരിക | 750000 | 1500 | 75 | 3 | 4500 |

| | | | | | | |
|---|---|---|---|---|---|---|
| | നിലയം | | | | | |
| 21 | 138/17: കാരറ സ്കൂൾ പുനരുദ്ധാരണവും ചുറ്റമതിലും | 550000 | 1100 | 55 | 3 | 3300 |
| 22 | 142/17: ചിറ്റൂർ പുട്ടമല റോഡ് പുനരുദ്ധാരണം | 1100000 | 2500 | 125 | 2 | 5000 |
| 23 | 143/17: ജി.എൽ.പി.സ്കൂൾ ടോയ്‌ലറ്റ് | 1200000 | 2500 | 125 | 2 | 5000 |
| 24 | 162/17: ഓഡപ്പെട്ടി മൂച്ചിക്കുണ്ട് റോഡ് പുനരുദ്ധാരണം | 1000000 | 2000 | 100 | 3 | 6000 |
| 25 | 197/17: കിഴക്കേക്കര എടപ്പാറ റോഡ് പുനരുദ്ധാരണം | 600000 | 1200 | 60 | 2 | 2400 |
| 26 | 210/17: വണ്ടൻപാറ ഊര് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 4 | 4000 |
| 27 | 212/17: കള്ളമല പുലിയൻപടി റോഡ് | 727050 | 1460 | 75 | 4 | 5840 |
| 28 | 233/17: യുവജന സാംസ്കാരിക നിലയം - അമ്മൻ കോളനി | 513100 | 1050 | 55 | 3 | 3150 |
| 29 | 81/17: ഓന്തമല സെയ്തപ്പടി റോഡ് പുനരുദ്ധാരണം | 500000 | 1000 | 50 | 1 | 1000 |
| 30 | 127/17: തകരപ്പാടി റോഡ് പുനരുദ്ധാരണം | 500000 | 1000 | 50 | 2 | 2000 |
| 31 | 132/17: പട്ടിമാളം ഊരിൽ യുവജന സാംസ്കാരിക നിലയം | 750000 | 1500 | 75 | 4 | 6000 |
| 32 | 133/17: കാവുണ്ടിക്കൽ ആയുർവ്വേദ ആശുപത്രി പുനരുദ്ധാരണം | 600000 | 1200 | 60 | 5 | 6000 |
| 33 | 231/17: നോയ്ക്കർ പടി കോട്ടത്തറ കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 3 | 3000 |

| | | | | | | |
|---|---|---|---|---|---|---|
| 34 | 239/17: വെജിറ്റബിൾ മാർക്കറ്റും ബസ് ഷെൽറ്ററും നിർമ്മാണം | 2216887 | 2500 | 125 | 10 | 25000 |
| 35 | 238/17: കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 16918537 | 5000 | 250 | 12 | 60000 |
| 36 | 223/17: കള്ളമല മില്ലുമുക്ക് ഹാജിയാർ പടി റോഡ് പുനരുദ്ധാരണം | 500000 | 1000 | 50 | 3 | 3000 |
| 37 | 253/17: കള്ളമല അപ്പ പടി റോഡ് | 700000 | 1400 | 70 | 4 | 5600 |
| 38 | 259/17: കോട്ടത്തറ ഗ്രാമീണ ചന്ത നവീകരണം | 1182121 | 2500 | 125 | 1 | 2500 |
| 39 | 259/17: കോട്ടത്തറ ഗ്രാമീണ ചന്ത നവീകരണം(Re tender) | 1182121 | 2500 | 125 | 2 | 5000 |
| 40 | 290/17: കുരിശു പള്ളി ജലധാരാ റോഡ് 3rd റീച്ച് | 450000 | 900 | 45 | 2 | 1800 |
| 41 | 5117: നീലിക്കുഴി കുടിവെള്ള പദ്ധതി | 1403200 | 2500 | 125 | 4 | 10000 |
| | | | | | ആകെ | 256250 |

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിദ്യാർത്ഥികൾക്ക് കായിക പരിശീലനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റിന്റെ പേരും, നമ്പരും-147/17, വിദ്യാർത്ഥികൾക്ക് കായിക പരിശീലനം

അടങ്കൽ-500000 (വികസന ഫണ്ട്-ജനറൽ)

ചെലവ്- 200000 (Bill No.2/22-02-2017)

മേൽ പ്രോജക്റ്റ് പ്രകാരം അഗളി ഗ്രാമ പഞ്ചായത്തിനു കീഴിലുള്ള 2 സ്കൂളുകളിൽ വോളിബോൾ പരിശീലനവും, 2 സ്കൂളുകളിൽ ഫുട്ബോൾ പരിശീലനവും നടത്തുന്നതിനായി ശ്രീ ശിവകുമാർ.പി, പേരാമംഗലം എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ടിയാന് വോളിബോൾ പരിശീലനം നൽകുന്നതിനുള്ള യോഗ്യത മാത്രമാണ് ഫയൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞത്. എന്നാൽ ടിയാൻ ഫുട്ബോൾ കോച്ചിംഗ് കൂടി ഉൾപ്പെടുത്തിയ പദ്ധതിയിലെ ടെണ്ടറിൽ പങ്കെടുത്ത് അംഗീകാരം നേടിയിട്ടുണ്ട്. ശ്രീ ശിവകുമാർ ഫുട്ബോൾ കോച്ചിംഗ് നൽകുന്നതിനുള്ള സർട്ടിഫിക്കറ്റ് നേടിയിട്ടില്ല. പകരം മറ്റ് രണ്ട് പരിശീലകരെയാണ് ഫുട്ബോൾ പരിശീലനത്തിന് വിനിയോഗിച്ചത്.

പ്രോജക്റ്റ്/ ടെണ്ടർ പ്രകാരം 30 കുട്ടികൾക്ക് 120 ദിവസം കോച്ചിംഗ് നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ വോളിബോൾ പരിശീലനം ശരാശരി 64 കുട്ടികൾക്കും, ഫുട്ബോൾ പരിശീലനം ശരാശരി 77 കുട്ടികൾക്കുമാണ് നൽകിയിരിക്കുന്നത്. പരിശീലനത്തിന്

കുട്ടികളെ തെരെഞ്ഞെടുക്കുന്നതിന് സെലക്ഷൻ ട്രയൽസ് നടത്തി ഏറ്റവും മികച്ച 30 കുട്ടികൾക്ക് പരിശീലനം നൽകിയിരുന്നുവെങ്കിൽ പദ്ധതികൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാമായിരുന്നു. ഈ കുട്ടികൾക്ക് ഉയർന്ന ക്ലാസുകളിലെത്തുമ്പോഴും നിരന്തരം ട്രെയിനിംഗ് നൽകി ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തി കൊണ്ടുവരാമായിരുന്നു. എന്നാൽ ഏകദേശം പകുതി ദിവസം (68 ദിവസം) മാത്രം ആണ് പരിശീലനം നൽകിയത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.6/19-09-2017) 120 ദിവസം കോച്ചിംഗ് എന്നുള്ളത് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വർഷാവസാനം പ്രായോഗികമല്ല എന്നും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വർഷാന്ത്യ പരീക്ഷകൾക്ക് ഹാജരാകേണ്ടതുണ്ട് എന്നും, ആയതിനാൽ കോച്ചിംഗ് 68 ദിവസമായി ചുരുക്കുകയായിരുന്നു എന്നും, അതോടൊപ്പം സെലക്ഷൻ ട്രയൽസ് നടത്തിയതിൽ കൂടുതൽ കുട്ടികൾ യോഗ്യതയുള്ളവരായി കണ്ടെത്തുകയും ചെയ്യുകയുണ്ടായി എന്നും ഉള്ള മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ് നൽകിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് വിവിധ തലങ്ങളിലൂടെ പദ്ധതി ആസൂത്രണം ചെയ്തു പ്രകാരമാണ് ഏറ്റവും മികച്ച 30 കുട്ടികൾക്ക് പരിശീലനം നൽകാൻ പ്രോജക്റ്റ് വിഭാവനം ചെയ്തത് എന്നതിനാൽ കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തുകയും പരിശീലന കാലയളവ് കുറയ്ക്കുകയും ചെയ്തത് ക്രമപ്രകാരമല്ല. (പദ്ധതി നടത്തിപ്പിലെ മേൽ പോരായ്മകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി 2016-17 വർഷം ചെവഴിച്ച തുക (200000 രൂപ) തടസ്സത്തിൽ വെയ്ക്കുന്നു . ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ആയതിന്റെ ലക്ഷ്യപ്രാപ്തി ഉറപ്പാക്കണം. (ഈ പദ്ധതി 2017-18 ൽ സ്പിൽ ഓവറായി അംഗീകരിച്ച് വേറെ 292440 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട് )

## 3-2 വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പരും,പേരും-152/17, വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം

അടങ്കൽ-232650 (General Fund)

ചെലവ്- 232650 (Bill No.6/30-03-2017)

മേൽ പ്രോജക്റ്റ് പ്രകാരം അഗളി ഗ്രാമ പഞ്ചായത്തിലെ 3 സ്കൂളുകളിൽ യോഗ പരിശീലനം നടത്തുന്നതിനായി ശ്രീ ബാലകൃഷ്ണൻ.കെ എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ സബ് വൗച്ചറുകളും/ പരിശീലനം ലഭിച്ച കുട്ടികളുടെ സ്കൂൾ എച്ച്.എം ഹാജരാക്കിയ രേഖകളും പരിശോധിച്ചതിൽ കരാറിൽ ഒപ്പുവെച്ച വ്യക്തിയെ കൂടാതെ 5 പരിശീലകർ (അജന്തകുമാരി, രേഖാമനോജ്, ബിജു ജോർജ്, പ്രമോദ്, പത്മനാഭൻ) കൂടി യോഗ പരിശീലനം നൽകിയിട്ടുണ്ട് എന്ന് കണ്ടെത്തി. ടി വ്യക്തികൾക്ക് യോഗ പരിശീലനം നല്കുന്നതിന് ആവശ്യമായ യോഗ്യതയുള്ളതിന്റെ വിവരങ്ങൾ/രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കരാർ പ്രകാരം ഒപ്പുവെച്ച വ്യക്തി നേരിട്ട് പരിശീലനം നൽകാതെ മറ്റ് പരിശീലകരെ നിയോഗിച്ച് പരിശീലനം നൽകിയത് ഉചിതമായ നടപടിയല്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തി(നം.6/19-09-2017) ന് യോഗ്യതയുള്ള വ്യക്തികൾ തന്നെയാണ് പരിശീലകരായി കുട്ടികളെ പഠിപ്പിച്ചിട്ടുള്ളത് എന്നും ആയത് സംബന്ധിച്ച രേഖകൾ അടുത്ത ഓഡിറ്റിന് ഹാജരാക്കാമെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ് മറുപടി നൽകിയിരിക്കുന്നത്.

ടെണ്ടർ ലഭിച്ച വ്യക്തിയല്ലാതെ കുട്ടികൾക്ക് യോഗ പരിശീലനം നൽകിയ മറ്റു 5 പരിശീലകരുടെ യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ പദ്ധതിക്കായി ചെലവഴിച്ച തുക 232650 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.റ്റി) - പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ

പ്രോജക്റ്റിന്റെ നമ്പരും, പേരും-278/17, വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.റ്റി)

അടങ്കൽ-479500 {175418 (സാധാരണ വിഹിതം)+304082 (TSP)}

ചെലവ്- 479500 {175418 (Bill No.43/31-03-17)+304082 (Bill No.44//31-03-17)}

സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം A.H. Wood Industries, Vattambalam, Mannarkkad എന്ന സ്ഥാപനത്തിൽ നിന്ന് എസ്.റ്റി ഗുണഭോക്താക്കൾക്കായി 3500 നിരക്കിൽ 137 കട്ടിൽ (Invoice No.730/28-03-17, Rs.479500) വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലഭ്യമായ ടെണ്ടറുകളുടെ താരതമ്യപത്രിക തയ്യാറാക്കിയിട്ടില്ല. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (2900 രൂപ) സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെ 3500 രൂപ ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. *ടെണ്ടർ പരസ്യത്തിൽ ഒരു കട്ടിലിന് പരമാവധി 3500 രൂപ, മരം/മെറ്റൽ എന്നിവയിലേതും ആകാം, ഓരോന്നിന്റെയും റേറ്റ്/ഗേജ് തരംതിരിച്ച് നൽകണം എന്നാണ് പറഞ്ഞിരിക്കുന്നത്. മരത്തിന്റെ കട്ടിൽ ഒരു സ്ഥാപനം മാത്രമാണ് Quote ചെയ്തിരിക്കുന്നത്, ടെണ്ടറിൽ പങ്കെടുത്ത മറ്റു സ്ഥാപനങ്ങൾ ഇരുമ്പ് കട്ടിലിന്റെ വിലയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്തിട്ടില്ല.*

2. വാങ്ങാൻ ഉദ്ദേശിക്കുന്ന കട്ടിലിന്റെ Specification (കട്ടിലിന്റെ നീളം, വീതി, ഗേജ് തുടങ്ങിയവ) ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റീൽ അല്ലെങ്കിൽ മരം എന്നിങ്ങനെ വ്യക്തതയില്ലാതെ പരസ്യം നൽകിയ നടപടി ശരിയല്ല. ലഭ്യമായ കുറഞ്ഞ ക്വട്ടേഷനുകൾ സ്റ്റീൽ ആയതിനാൽ അവ ഒഴിവാക്കി ഒരേയൊരു ക്വട്ടേഷൻ ലഭ്യമായ മരക്കട്ടിൽ വാങ്ങാൻ (പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 20.03.2017 ലെ യോഗം)

തീരുമാനിച്ച നടപടി ശരിയായില്ല. മരം തന്നം വേണമെന്ന് തീരുമാനിച്ചപ്പോൾ മരക്കട്ടിൽ ഒരാൾ മാത്രം ക്വാട്ട് ചെയ്തതിനാൽ അത് സിംഗിൾ ടെണ്ടർ ആയി കണക്കാക്കി സർക്കുലർ നമ്പർ 2508/ബി2//എസ്.പി.ഡി. പ്രകാരം റീടെണ്ടർ ചെയ്യണമായിരുന്നു.

3. ഗുണഭോക്തൃ ലിസ്റ്റിനോടൊപ്പം ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്കായി ഹാജാക്കിയില്ല.

വയോജനങ്ങൾക്ക് മരം കൊണ്ടുള്ള കട്ടിൽ ഒഴികെ മറ്റൊന്നും വേണ്ട എന്ന നിലപാടിലായിരുന്നു എന്നും, അതുകൊണ്ട് തന്നെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരുടെ ക്വട്ടേഷൻ സ്വീകരിക്കുവാൻ പഞ്ചായത്തിന് കഴിയുമായിരുന്നില്ല എന്നും, കൂടാതെ 3500 രൂപയ്ക്ക് ഒരു മരക്കട്ടിൽ സപ്ലൈ ചെയ്യുന്നത് ലാഭകരമല്ലാത്തതിനാലാണ് മറ്റു കരാറുകാർ വില ക്വാട്ടു ചെയ്യാതിരുന്നത് എന്നും ആണ് ഓഡിറ്റ് അന്വേഷണത്തിന് (നം.18/22-09-2017) നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയത്. എന്നാൽ സെക്രട്ടറി പറഞ്ഞത് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവു തുക (479500 രൂപ) തടസ്സത്തിൽ വെയ്ക്കുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രത്യേകമായി ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നു.

## 3-4 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.റ്റി) - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ

പ്രോജക്റ്റ് നമ്പരും, പേരും-287/17, വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.റ്റി)

അടങ്കൽ-490000 (TSP)

ചെലവ്- 490000 (Bill No.38//31-03-17)

സെക്രട്ടറി നടപ്പിലാക്കിയ എസ്.റ്റി ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പദ്ധതിയുടെ ചെലവുരേഖകൾ ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയില്ല. ഹാജരാക്കാത്തവയുടെ വിശദാംശങ്ങൾ/പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

1. കട്ടിൽ വാങ്ങിയ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന Bill/Invoice ഓഡിറ്റിന് ലഭ്യമായില്ല. ആയതിനാൽ വാങ്ങിയ കട്ടിലുകളുടെ എണ്ണവും നിരക്കും അറിയാൻ കഴിഞ്ഞില്ല.

2. Comparitive Statement തയ്യാറാക്കി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിനാണോ ടെണ്ടർ അനുവദിച്ചത് എന്നത് പരിശോധിക്കാൻ കഴിഞ്ഞില്ല. *(ടെണ്ടർ പരസ്യം പ്രകാരം ഒരു കട്ടിലിന് പരമാധി 3500 രൂപ, മരം/മെറ്റൽ എന്നിവയിലേതും ആകാം, ഓരോന്നിന്റെയും റേറ്റ്/ഗേജ് തരംതിരിച്ച് നൽകണം എന്നുമാണ് പറഞ്ഞിരിക്കുന്നത്. )*

3. വാങ്ങാൻ ഉദ്ദേശിക്കുന്ന കട്ടിലിന്റെ Specification (കട്ടിലിന്റെ നീളം, വീതി, ഗേജ് എന്നിവ) ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ഗുണഭോക്തൃ ലിസ്റ്റിനോടൊപ്പം ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്കായി ഹാജാക്കിയില്ല. ആയതിനാൽ അർഹതയുള്ള ഗുണഭോക്താക്കൾക്ക് തന്നെയാണോ കട്ടിൽ വിതരണം ചെയ്തതെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

വയോജനങ്ങൾ മരം കൊണ്ടുള്ള കട്ടിൽ ഒഴികെ മറ്റൊന്നും വേണ്ട എന്ന നിലപാടിലായിരുന്നു എന്നും, അതുകൊണ്ട് തന്നെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരുടെ ക്വട്ടേഷൻ സ്വീകരിക്കുവാൻ പഞ്ചായത്തിന് കഴിയുമായിരുന്നില്ല എന്നും, കൂടാതെ 3500 രൂപയ്ക്ക് ഒരു മരക്കട്ടിൽ സപ്ലൈ ചെയ്യുക എന്നത് ലാഭകരമല്ലാത്തതിനാലാണ് മറ്റു കരാറുകാർ വില ക്വാട്ടു ചെയ്യാതിരുന്നത് എന്നും ആണ് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിന്( നമ്പർ 19/22.9.2017) മറുപടി പറഞ്ഞത്. എന്നാൽ ക്രമ നമ്പർ 1 മുതൽ 4 വരെ മേൽ പറഞ്ഞവ ഓഡിറ്റിന് ഹാജരാക്കിയില്ല. ആകയാൽ പറഞ്ഞ കാര്യങ്ങൾ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിലേക്കായി ചെലവു തുക (490000രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . ഇത്തരം അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നു.

സമാനസ്വഭാവമുള്ള പദ്ധതികൾ പ്രകാരം വാങ്ങലുകൾ നടത്തുമ്പോൾ ഒരു ടെണ്ടറിലൂടെ നടത്തിയിരുന്നെങ്കിൽ നിരക്കിൽ കുറവ് ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. ആയത് പ്രയോജനപ്പെടുത്തിയില്ല. കൂടാതെ വിവിധ പ്രോജക്ടുകൾ രൂപീകരിക്കുന്നതിലുള്ള മനുഷ്യയത്നവും ഒറ്റ പ്രോജക്ടാക്കി മാറ്റുന്നതിലൂടെ കുറയ്ക്കാനാവും.

## 3-5 വേസ്റ്റ് ബിൻ സ്ഥാപിക്കൽ- വാങ്ങിയ സ്ഥാപനത്തിൽ നിന്നും ലഭിച്ച ബിൽ ഓഡിറ്റിന് ഹാജരാക്കിയില്ല

പ്രോജക്റ്റ് നമ്പരും,പേരും-122/17, ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ

അടങ്കൽ-₹300000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്- ₹295200 (Bill No.37//31-03-17)

സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിച്ച് മാലിന്യം ശേഖരിക്കാനാണ് ലക്ഷ്യമിട്ടത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ/രേഖകൾ ലഭ്യമാക്കിയില്ല.

1. വേസ്റ്റ് ബിൻ വാങ്ങിയ സ്ഥാപനത്തിന്റെ Bill/Invoice ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2. പദ്ധതി പ്രകാരം 120 വേസ്റ്റ് ബിൻ വാങ്ങിക്കുന്നു എന്നാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എവിടെയെല്ലാമാണ് ഇവ സ്ഥാപിച്ചത് എന്ന വിവരം ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.

3. അഴുകുന്ന മാലിന്യം, അഴുകാത്ത മാലിന്യം എന്നിങ്ങനെ വേർതിരിക്കുന്ന രീതിയിലുള്ള വേസ്റ്റ് ബിൻ അല്ല വാങ്ങി സ്ഥാപിച്ചിരിക്കുന്നത്.

4. ശേഖരിക്കുന്ന മാലിന്യം സംസ്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ സൗകര്യമില്ല.

മേൽ പറഞ്ഞ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക (295200) തടസ്സത്തിൽ വെയ്ക്കുന്നു. മാലിന്യം അഴുകുന്നത്, അഴുകാത്തത് എന്നിങ്ങനെ വേർതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.20/22-09-2017)

## 3-6 വൃദ്ധ വിശ്രമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങൽ- ബിൽ ഓഡിറ്റിന് ഹാജരാക്കിയില്ല

പ്രോജക്റ്റ് നമ്പരും,പേരും-213/17, അഗളി വൃദ്ധ വിശ്രമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങൽ

അടങ്കൽ-₹177500 (General)

ചെലവ്- ₹176250 (Bill No.41/31-03-17)

സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം വൃദ്ധ വിശ്രമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങിയതുമായ ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കാത്ത രേഖകളുടെ വിശദാംശങ്ങൾ/പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

1. ഫർണീച്ചർ വാങ്ങിയ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന Bill/Invoice ഓഡിറ്റിന് ലഭ്യമായില്ല. ആയതിനാൽ വാങ്ങിയ ഫർണീച്ചറിന്റെ എണ്ണം, തരം, നിരക്ക് എന്നിവ അറിയാൻ കഴിഞ്ഞില്ല.

2. താരതമ്യപത്രിക തയ്യാറാക്കിയിട്ടില്ല.

3. വാങ്ങാൻ ഉദ്ദേശിക്കുന്ന ഫർണീച്ചറിന്റെ Specification ടെണ്ടർ പരസ്യത്തിൽ/ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ഫർണീച്ചർ വൃദ്ധ വിശ്രമ കേന്ദ്രത്തിലേക്ക് കൈമാറിയതിന്റെ വിവരം (Stock Register) പരിശോധനയ്ക്ക് ലഭ്യമായില്ല. ആയതിനാൽ ഫർണീച്ചർ മുഴുവനായും വൃദ്ധ വിശ്രമ കേന്ദ്രത്തിലേക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞില്ല.

5. മേൽ പറഞ്ഞ വാങ്ങലുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ Water Purifier(10Lr), Steel Table (4'*2'), Plastic Chair with handrest എന്നിവയാണ് വാങ്ങാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ എത്ര എണ്ണം വാങ്ങണം എന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.



പ്രാദേശിക പരിശോധന നടത്തിയതിൽ പഞ്ചായത്ത് ഓഫീസിലെ ഏകദേശം 200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മുറിയാണ് വൃദ്ധ വിശ്രമ കേന്ദ്രമായി നിശ്ചയിച്ചിരിക്കുന്നത് എന്ന് മനസിലാക്കാൻ എന്ന് കഴിഞ്ഞു (ചിത്രം കാണുക). ഏതാനും പ്ലാസ്റ്റിക് കസേരകൾ മാത്രമാണ് ഇവിടെ സൂക്ഷിച്ചിരിക്കുന്നത്. ഈ മുറി നിലവിൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ യോഗങ്ങൾ കൂടുന്നതിനാണ് ഉപയോഗിക്കുന്നത്.

സർക്കാർ ഉത്തരവ് (എം.എസ്) 4/2016/ത.സ്വ.ഭ.വ /തീയ്യതി.11.01.2016 ഖണ്ഡിക 8:1(ii) പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന

വിഭാഗത്തിനായി മാറ്റിവെക്കേണ്ട പദ്ധതി തുക ഉപയോഗിച്ച് ആവിഷ്കരിക്കുന്ന പ്രൊജക്ടുകളുടെ പ്രയോജനം ആ വിഭാഗത്തിനു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക (176250) തടസ്സത്തിൽ വെയ്ക്കുന്നു . (ഓഡിറ്റ് അന്വേഷണം നം.21/22-09-2017)

## 3-7 യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ പേരും,നമ്പരും-144/17, യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം
അടങ്കൽ-₹400000 (General Fund)
ചെലവ്- ₹399678 (Bill No.1/22-02-2017)

നിർവ്വഹണം ഹെഡ്മിസ്ട്രസ്

മേൽ പ്രോജക്ട് പ്രകാരം രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വാങ്ങലുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയിട്ടില്ല. കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം വില കുറവുള്ള ഇനങ്ങൾ കുറഞ്ഞ തുക കാണിച്ച സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് നടപടി സ്വീകരിച്ചില്ല. കൂടാതെ സ്പോർട്ട്സ് ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനവുമായി മറ്റു സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ കുറവ് ലഭിക്കാൻ നെഗോഷ്യേറ്റ് ചെയ്തിട്ടുമില്ല.

2. പ്രോജക്ട് പ്രകാരം യുവജന ക്ലബുകൾക്കാണ് സ്പോർട്ട്സ് കിറ്റ് വിതരണം നടത്തേണ്ടത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ വ്യക്തികൾക്കാണ് സ്പോർട്ട്സ് ഉപകരണങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. ക്ലബുകൾക്കുള്ള അംഗീകാരം സംബന്ധിച്ച് സർട്ടിഫിക്കറ്റും ലഭ്യമാക്കിയില്ല.

3. വാങ്ങിയ സ്പോർട്ട്സ് ഉപകരണങ്ങൾ മുഴുവനായി വിതരണം ചെയ്തത് തെളിയിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. Foot Ball Shoe മാത്രം വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

സ്പോർട്ട്സ് കിറ്റ് വിതരണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തി (നം.6/19-09-2017) ന് മൊത്തം വില നിലവാരം പരിശോധിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നുമാണ് സാധനങ്ങൾ വാങ്ങിയത് എന്നും, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് വില കൂടിയ സാധനങ്ങൾ വാങ്ങിയത് എന്നും, യുവജന ക്ലബുകൾക്കാണ് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്തിരിക്കുന്നത് എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ് മറുപടി നൽകിയരിക്കുന്നത്. എന്നാൽ ടി മറുപടി സാധൂകരിക്കുന്ന രേഖകൾ/രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ആകയാൽ സ്പോർട്ട്സ് കിറ്റ് വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് രേഖകൾ പൂർണ്ണമായി ഹാജരാക്കാത്ത സാഹചര്യത്തിൽ 399678രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റുകൾ മുഴുവനായും വിതരണം ചെയ്തില്ല

A) പ്രോജക്ട് നമ്പരും, പേരും- 298/17, യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം (പട്ടികജാതി)

അടങ്കൽ-₹60800 (SCP)

ചെലവ്-₹ 60800 (Bill No.9/30-03-2017)

B) പ്രോജക്ട് നമ്പരും, പേരും- 299/17, യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം (പട്ടിക വർഗ്ഗം)

അടങ്കൽ-₹225832 (TSP)

ചെലവ്- ₹225416 (Bill No.10/30-03-2017)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വാങ്ങലുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. TSP ഫണ്ട് ഉപയോഗിച്ച് 7 ക്ലബുകൾക്കാണ് സ്പോർട്ട്സ് കിറ്റ് വിതരണം നടത്തിയത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ രജിസ്ട്രേഷൻ ഇല്ലാത്ത രണ്ട് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. സ്പോർട്ട്സ് കിറ്റ് ലഭിച്ച 5 ക്ലബുകൾക്ക് നിലവിൽ രജിസ്ട്രേഷൻ ഇല്ല.

2. SCP ഫണ്ട് ഉപയോഗിച്ച് 2 ക്ലബുകൾക്കാണ് സ്പോർട്ട്സ് കിറ്റ് വിതരണം നടത്തിയത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്ത 2 ക്ലബുകൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. സ്പോർട്ട്സ് കിറ്റുകൾ വിതരണം ചെയ്ത 2 ക്ലബുകളിൽ ഒരു ക്ലബിൽ നിന്നും മാത്രമേ കൈപ്പറ്റ് ലഭിച്ചിട്ടുള്ളൂ.

3. വാങ്ങിയ സ്പോർട്ട്സ് കിറ്റുകൾ മുഴുവനായി വിതരണം ചെയ്യാതെ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.



പദ്ധതി നടത്തിപ്പിലെ മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തി (No.7/19-09-2017)ന് എല്ലാ ക്ലബുകളും രജിസ്ട്രേഷൻ എടുക്കാത്തതിനാലാണ് സ്പോർട്ട്സ് കിറ്റുകൾ മുഴുവനും വിതരണം ചെയ്യാൻ കഴിയാതെ വന്നത് എന്നും, ക്ലബുകൾ രജിസ്ട്രേഷൻ ചെയ്യുന്നതിനാവശ്യമായ ഇടപെടലുകൾ ട്രൈബൽ ഓഫീസർ മുഖാന്തിരം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ മുഴുവൻ സ്പോർട്ട്സ് കിറ്റുകളും വിതരണം ചെയ്യുന്നതുവരെ ചെലവ് തുക 286216 (60800+225416) രൂപ തടസ്സത്തിൽ വെയ്ക്കുന്നു. മുഴുവൻ സ്പോർട്ട്സ് കിറ്റുകളും അംഗീകൃത ക്ലബുകൾക്കാണ് വിതരണം ചെയ്തതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-9 ആശ്രയ പദ്ധതി - തുക പിൻവലിച്ചത് നാളിതുവരെയും കുടുംബശ്രീ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം. |
|---|---|---|---|
| 235/17 | ആശ്രയ പദ്ധതി | ₹258960 (പ്ലാൻ ഫണ്ട്-ജനറൽ) | 14/24-01-17 |

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 258960 രൂപ ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും ആശ്രയ പദ്ധിക്കായി കുടുംബശ്രീക്ക് നൽകുന്നതിനായി സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ പേരിൽ ഡി.ഡി എടുക്കുകയും ചെയ്തു. എന്നാൽ നാളിതുവരെയും തുക സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം(16/20-09-2017)നൽകിയപ്പോൾ മാത്രമാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അന്വേഷണം നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുമായി ബന്ധപ്പെട്ടപ്പോൾ ഡി.ഡി (Bankers Cheque No.890220/27-01-2017) നാളിതുവരെയും സി.ഡി.എസ് അക്കൗണ്ടിൽ വന്നില്ല എന്നും, ആയത് ബാങ്കിൽ തന്നെ കിടക്കുകയാണെന്നും ബോധ്യപ്പെട്ടത്. അപ്പോഴേക്കും ഡി.ഡിയുടെ നിയമാനസൃത (മൂന്ന് മാസം)കാലാവധി കഴിഞ്ഞു.

ആകയാൽ ഡി.ഡി റീവാലിഡേറ്റ് ചെയ്ത കുടുംബശ്രീയ്ക്ക് കൈമാറുകയോ അല്ലാത്ത പക്ഷം തുക തിരികെ സർക്കാരിലേക്ക് അടവാക്കുകയോ ചെയ്യേണ്ടതാണ്. ആയതിലേക്ക് ചെലവ് തുക (258960 രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

ഡി.ഡിയുടെ കാലാവധി കഴിഞ്ഞതിനാൽ തുക തനത് ഫണ്ടിലേക്ക് മാറ്റി പുതിയ ഡി.ഡിയെടുത്ത് കുടുംബശ്രീയ്ക്ക് കൈമാറാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 3-10 മരുന്ന് വാങ്ങൽ-(ഹോമിയോ) മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്റ്റ് നമ്പരും, പേരും: 90/17, മരുന്ന് വാങ്ങൽ
അടങ്കൽ : 2,50,000
ചെലവ് : 2,50,000 (ബിൽ നമ്പർ 1/16-17 dt 21.2.17)
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ

മരുന്ന് വാങ്ങൽ-ഹോമിയോ എന്ന പ്രൊജക്റ്റ് പ്രകാരം ₹2,50,000 കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്(രസീതി നമ്പർ -2795/28.3.17). എന്നാൽ മരുന്നുകൾ നാളിതു വരെയായിട്ടും ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം (3/15-90.2017) മുഖേന വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല. മരുന്നുകൾ ഉടൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 നിയമാനസൃത കാലയളവ് കഴിഞ്ഞ് ഉത്സവ ബത്ത അനുവദിച്ചത് തിരികെ അടവാക്കാണം

അഗളി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റായ ശ്രീമതി.ബീന.കെ യ്ക്ക് 2015-16 ലെ ഉത്സവ ബത്ത (ഓണം) 2400രൂപ 8-7-2016 ന് 21600361 നമ്പർ വൗച്ചർ പ്രകാരം അനുവദിച്ചു . എന്നാൽ 2015-16 ലെ ഉത്സവ ബത്ത 31-03-2016 നകം നൽകണമെന്ന് സ.ഉ.(അച്ചടി)നം.337/15/ധനം, തീയതി.07-08-2015 പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. ആകയാൽ ടി തുക 2016-17 സാമ്പത്തിക വർഷത്തിൽ

നൽകിയത് ക്രമപ്രകാരമല്ല. അനുവദിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.28/23-09-2017)

### 3-12 കുടുംബശ്രീക്ക് വിവിധ പദ്ധതികൾക്കായി ലഭിച്ച തുക മുഴുവനും ചെലവഴിച്ചിട്ടില്ല

ആശ്രയ പദ്ധതികൾക്കും മറ്റുമായി കുടുംബശ്രീക്ക് (സി.ഡി.എസ്) മുൻ വർഷങ്ങളിലും തൻവർഷവും ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ പ്ലാൻ ഫണ്ട് തുകകൾ നാളിതുവരെയും പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | കുടുംബശ്രീക്ക് ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| വീട് റിപ്പയർ | 500000 (ചെക്ക് നം.719347/11-01-14) | 380000 | 120000 |
| ആശ്രയ | 150000 (ചെക്ക് നം.3459601/26-03-16) | 91903 | 58097 |
| 109/17, ബാലസഭ പ്രവർത്തനങ്ങൾ | 35000 (Bill No.32/15-03-2017 ) | 8400 | 26600 |

ചെലവഴിക്കാൻ ബാക്കിയുള്ള തുകകൾ ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം തുക തിരികെ അടവാക്കേണ്ടതാണ്.

### 3-13 തെരുവു വിളക്ക് പുനരുദ്ധാരണം-കരാറുകാരനിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയിട്ടില്ല

പ്രോജക്റ്റ് നമ്പരും, പേരും-227/17, തെരുവു വിളക്ക് പുനരുദ്ധാരണം

അടങ്കൽ-₹500000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്- ₹436029 (Bill No.36/31-03-17)

സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസിനായി പദ്ധതി അടങ്കലിന്റെ 12% കുറവു ക്വോട്ട് ചെയ്ത കരാറുകാരനുമായി (പി.കെ.എഡ്വേർഡ്, എഡ്ലി ഇലക്ട്രിക്കൽസ്, പാലക്കാട്) 4-01-2017നാണ് കരാർ ചമയ്ക്കുന്നത്. തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാറിൽ ഏത് കാലയളവിലേക്കാണ് തെരുവ് വിളക്കുകളുടെ മെയിന്റനൻസ് എന്ന് ഉൾപ്പടുത്തിയിട്ടില്ല. കൂടാതെ മെയിന്റനൻസ് ചെയ്യേണ്ട തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കരാറുകാരൻ ഹാജരാക്കിയ ക്ലെയിമിൽ ആകെയുള്ള 729 തെരുവ് വിളക്കുകളിൽ 574 എണ്ണം റിപ്പയർ ചെയ്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്, എന്നാൽ കെ.എസ്.ഇ.ബി യുടെ കണക്ക് പ്രകാരം 425 തെരുവ് വിളക്കുകൾ മാത്രമാണുള്ളത്.

3. റിപ്പയർ ചെയ്ത ഇനം തിരിച്ചുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, നിരക്കും കരാറുകാരന്റെ ക്ലെയിമിൽ ഇല്ല. കരാറുകാരൻ കാഷ് ബിൽ ഹാജരാക്കിയിട്ടില്ല.

4. എഗ്രിമെന്റ് പ്രകാരം കരാറുകാരനിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ (VAT, IT, KCWWF) ഈടാക്കിയിട്ടില്ല.

കരാറുകാരനിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതി സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| VAT-4% of 436029 | ₹17441 |
| IT- 1% of 436029 | ₹4360 |
| KCWWF-1% of 436029 | ₹4360 |
| ആകെ | ₹26161 |

ആകെ പ്രവൃത്തി മൂല്യം 436029 രൂപയിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ ₹26161 കുറച്ച് ₹409868 മാത്രമെ കരാറുകാരന് അനുവദിക്കാൻ പാടുള്ളൂ. ആകയാൽ ₹26161 കാരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തി(No.22/22-09-2017)ന് കറാറുകാരൻ VAT ഉൾപ്പെടെയുള്ള ബില്ലാണ് ഹാജരാക്കിയത് എന്നും IT, KCWWF എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ബിൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കരാറുകാരനിൽ

നിന്നും ലഭ്യമാക്കിയ കാഷ് ബിൽ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുക ₹409868(436029-26161) തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

അഗളി ഗ്രാമപഞ്ചായത്ത് അഗളി ഇലക്ട്രിക്കൽ സെക്ഷനിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നത്. സെക്ഷന്റെ കീഴിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. Burning Hours ന്റെ അടിസ്ഥാനത്തിലാണ് നിലവിൽ വൈദ്യുതി ചാർജ്ജ് അടവാക്കുന്നത്.

| ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| സാധാരണ ബൾബ് | 70 | 66 | 4460 |
| ട്യൂബ് ലൈറ്റ് (40*2) | 130 | 134 | 17420 |
| സോഡിയം വേപ്പർ ലാമ്പ് (250W) | 225 | 447 | 100575 |
| ആകെ | 425 | | 122455 |

മേൽ പട്ടികയിലെ തെരുവുവിളക്കുകൾക്ക് നിലവിൽ പ്രതിമാസം 122455 രൂപ വീതം ശരാശരി 15,00,000 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് അടവാക്കുന്നുണ്ട്. കെ.എസ്.ഇ.ബി നിശ്ചയിച്ച താരിഫിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കുന്നത്. ആകസ്മിക കാരണങ്ങളാൽ പ്രവർത്തിക്കാത്ത വിളക്കുകൾക്കും വൈദ്യുതചാർജ് ഒടുക്കുന്ന അവസ്ഥ ഉണ്ടാവുന്നു. ഗ്രാമപഞ്ചായത്തും കെ എസ് ഇ ബിയുമായി ചേർന്ന് തെരുവുവിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിൽ എവിടെയും സാധാരണ ബൾബുകൾ ഉപയോഗിക്കുന്നില്ല. 2016-17വർഷത്തിൽ സാധാരണ ബൾബുകൾ വാങ്ങുകയോ സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ സോഡിയം വേപ്പർ ലാമ്പുകൾ 225 എണ്ണം വാങ്ങി സ്റ്റോക്കിലെടുത്തതിന്റെയും ഏതെല്ലാം പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്നതിന്റെയും വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ഇത്രയും ബൾബുകൾ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് കഴിയുന്നില്ല. സേഡിയം വേപ്പർ ലാമ്പുകൾ പ്രകാശിക്കുന്നതിന് മാത്രം കെ.എസ് ഇ.ബി നൽകുന്ന ബില്ലിൽ ₹100575 ഈടാക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

*ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

*പുതിയ ലാമ്പുകൾ സ്ഥാപിക്കുമ്പോൾ ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

*തെരുവ് വിളക്കുകളുടെ എണ്ണം, തരം, റിപ്പയർ എന്നീ വിവരങ്ങൾ കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

* കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തി പ്രവർത്തിക്കാത്ത വിളക്കുകൾക്ക് ചാർജ് അടവാക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-15 ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് തിരികെ നൽകേണ്ടതാണ്

2016-17 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം (മുൻ വർഷങ്ങളിലെയും, തൻവർഷത്തെയും ചേർത്ത്) ഗുണഭോക്തൃ വിഹിതം ₹98,380 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തത് തിരികെ നൽകാതെ കിടക്കുന്നുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്. നിയമാനുസൃത കാലയളവ് കഴിഞ്ഞ തുകകളുണ്ടെങ്കിൽ ആയത് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 3-16 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

അഗളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റ് തുകയിൽ 11,90,210 രൂപ തിരികെ നൽകാനായി ബാധ്യതയുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി തുകകൾ ക്രമീകരിക്കുത് സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തേണ്ടതും, കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 3-17 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

A) 118/17ഐ.എ.വൈ. വിഹിതം (പട്ടിക ജാതി)

അടങ്കൽ-675000 (എസ്.സി.പി)

ചെലവ്- 675000 (Bill No.5/24-03-2017)

B) 119/17ഐ.എ.വൈ. വിഹിതം (പട്ടിക വർഗ്ഗം)

അടങ്കൽ-3150000 (TSP)

ചെലവ്- 3150000 (Bill No.10/30-03-2017)

നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മേൽ പ്രോജക്ടുകൾ പ്രകാരം തുകകൾ ട്രഷറിയിൽ നിന്നും Account Transfer മുഖേന അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകകൾ വിനിയോഗിച്ചതിന്റെ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

C)102/17, എസ്.എസ്.എ.വിഹിതം

അടങ്കൽ-1000000 രൂപ

ചെലവ്- 1000000 രൂപ (Bill No.28/25-02-2017)

നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മേൽ പ്രോജക്ട് പ്രകാരം 1000000 രൂപ ഗ്രാമ പഞ്ചായത്ത് വിഹിതമായി എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയതിന് നാളിതുവരെയും വിനിയോഗ വിവരം ഗ്രാമ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ആകയാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-18 അങ്കണവാടികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടി (എസ്,എൻ.പി) പ്രകാരം ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗനവാടികളിൽ കുടിവെള്ളം ,വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അഗളി ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്സിന് ലഭിച്ച തുകയിൽ (വാർഷിക ധനകാര്യ പത്രിക- ഷെഡ്യൂൾ B-4 പ്രകാരം) 14,29,916 രൂപ വിനിയോഗിക്കാതെ കിടക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ 64 അങ്കണവാടികളിൽ അടിസ്ഥാന സൗകര്യമില്ലാത്തവയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അടിസ്ഥാന സൗകര്യമില്ലാത്ത അങ്കണവാടികളുടെ വിവരങ്ങൾ | എണ്ണം |
|---|---|---|
| 1 | സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലത്തതുമായവ | 2 |
| 2 | സ്വന്തമായി കെട്ടിടവും സ്ഥലവുമില്ലാത്തവ | 5 |
| 3 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 5 |
| 4 | ചുറ്റമതിൽ ഇല്ലാത്തവ | 35 |
| 5 | ടോയ് ലെറ്റ് ഇല്ലാത്തവ | 14 |
| 6 | കുടിവെള്ള സൗകര്യമില്ലാത്തവ | 23 |
| 7 | കളിസ്ഥലമില്ലാത്തവ | 18 |
| 8 | ധാന്യ സംഭരണികൾ ഇല്ലാത്തവ | 13 |

കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, വൈദ്യുതി കണക്ഷൻ, ടോയ് ലെറ്റ്, ചുറ്റമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പൂരക പോഷകാഹാര പരിപാടിക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ ചെലവഴിക്കാതെ മിച്ചമുള്ള തുക (14,29,916 രൂപ ) വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 സമ്പൂർണ്ണ ഗാർഹിക ശൗചാലയ പദ്ധതി- അവലോകനം

അഗളി ഗ്രാമപഞ്ചായത്തിനെ വെളിയിട വിസർജ്യ മുക്തമാക്കുന്നതിന്റെ ഭാഗമായി ശുചിത്വ മിഷൻ നടത്തിയ ബേസ് ലൈൻ സർവ്വെയിൽ ശൗചാലയം ഇല്ലാത്ത ഗുണഭോക്താക്കളെ കണ്ടെത്തുകയും, അവരിൽ തന്നെ ഉപയോഗ്യയോഗ്യമായ ശൗചാലയം ഉള്ളവരെ ഒഴിവാക്കിക്കൊണ്ട് 1917 ഗുണഭോക്താക്കൾക്കുള്ള പ്രോജക്ട് വെയ്ക്കുകയുണ്ടായി. തുടർന്ന് ഫീൽഡ് തല പരിശോധനയിൽ വീണ്ടും അനർഹരെ ഒഴിവാക്കിക്കൊണ്ട് 1764 പേരെ കണ്ടെത്തി 2016 ഓഗസ്റ്റ് മാസത്തിൽ ഗുണഭോക്താക്കളെക്കൊണ്ട് കരാർ വെയ്ക്കുകയും സെപ്റ്റംബർ മാസം മുതൽ ആദ്യ ഗഡു വിതരണം ചെയ്തു തുടങ്ങുകയും ചെയ്തു. തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി 25400/- രൂപ (കേന്ദ്ര വിഹിതം-12000+ ഗ്രാമ പഞ്ചായത്ത് വിഹിതം-3400+ ജില്ലാ പഞ്ചായത്ത് വിഹിതം-10000 ) ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാനാണ്

ലക്ഷ്യമിട്ടിരുന്നത്. മൂന്ന് ഗഡുക്കളായിട്ടാണ് സബ്സിഡി നൽകിയിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു അഡ്വാൻസായിട്ടും, പണി പൂർത്തീകരിച്ച് വരുന്ന മുറയ്ക്ക് തുടർന്നുള്ള ഗഡുക്കളും നൽകുകയും ചെയ്തു.

1764 പേരിൽ നാളിതുവരെ 1688 ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുകയും 76 ഗുണഭോക്താക്കൾ പൂർത്തീകരിക്കാനുമുണ്ട്. ആയതിൽ 1318 ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ബാക്കി 446 ഗുണഭോക്താക്കൾക്ക് തുക നൽകാനുണ്ട്.

എ. ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ വിവരം

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | | |
|---|---|---|---|---|---|
| | | | പ്ലാൻ ഫണ്ട് | ജില്ലാ പഞ്ചായത്ത് | ആകെ |
| 1/17 | സമ്പൂർണ്ണ ഗാർഹിക ശൗചാലയ പദ്ധതി(ജനറൽ) | 19452400 | 11392400 | 8060000 | 19452400 |
| 2/17 | സമ്പൂർണ്ണ ഗാർഹിക ശൗചാലയ പദ്ധതി (പട്ടികജാതി) | 19452400 | 11392400 | 8060000 | 19452400 |
| 3/17 | സമ്പൂർണ്ണ ഗാർഹിക ശൗചാലയ പദ്ധതി (പട്ടികവർഗ്ഗം) | 19452400 | 11392400 | 8060000 | 19452400 |

ബി. കേന്ദ്ര വിഹിതം ലഭ്യമായതിന്റെ വിവരം

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വ മിഷൻ മുഖേന 15876000 രൂപ കേന്ദ്ര ഫണ്ടായി പിന്നീട് ലഭ്യമായിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | RTGS/17-12-17 | 7408800 | അക്കൗണ്ട് നം. 19644384058, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അഗളി ബ്രാഞ്ച് |
| 2 | RTGS/22-3-17 | 8467200 | |
| ആകെ | | 15876000 | |

സി. കേന്ദ്രഫണ്ടിന്റെ വിനിയോഗ വിവരം

സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/ത.സ്വ.ഭ.വ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്രവിഹിതം, പദ്ധതി നടത്തിപ്പിലായതിനുശേഷം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ആയതനുസരിച്ച് കേന്ദ്രവിഹിതം വകയിരുത്തി തൻവർഷം പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല, ആയതിനാൽ കേന്ദ്ര വിഹിതമായി ലഭ്യമായ 15876000/- രൂപ തനത് ഫണ്ടിൽ അവശേഷിക്കുകയാണ്.

ഡി. ഓഡിറ്റ് നിർദ്ദേശം

കേന്ദ്ര ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുകയോ അല്ലാത്തപക്ഷം ഉചിതമാർഗ്ഗേന തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. കേന്ദ്ര ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 റെക്കോർഡ് റൂം റാക്ക് വാങ്ങിയത് നാളിതുവരെയും ഉപയോഗയോഗ്യമാക്കിയിട്ടില്ല

പ്രോജക്റ്റിന്റെ നമ്പരും, പേരും- 273/17, നവീകരിച്ച പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചറും, അനുബന്ധ പ്രവർത്തികളും

അടങ്കൽ-₹700000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്- ₹689888 (Bill No.42//31-03-17)

സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം KADCO, Kozhikkode ൽ നിന്നും 2 റെക്കോർഡ് റൂം റാക്ക് (Almarah type with individual doors) വാങ്ങിയിട്ടുണ്ട്. ആയത് നാളിതുവരെയും ഉപയോഗയോഗ്യമാക്കിയിട്ടില്ല. ആയത് ഉപയോഗ്യയോഗ്യമാക്കാനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്. നിലവിൽ റാക്കിന് വാതിൽ ഇല്ലാതെയാണ് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നത്. വാതിൽ ഉറപ്പിക്കാനുള്ള നടപടികൾ ചെയ്യേണ്ടതാണ്(ചിത്രം ചുവടെ ചേർക്കുന്നു).



## 3-21 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 186 (44 സ്പിൽ ഓവർ +142പുതിയത്) പദ്ധതികളിൽ 78 എണ്ണം (23 സ്പിൽ ഓവർ + 55 പുതിയത്) തൻ വർഷം പൂർത്തിയാക്കി.

സർക്കാർ ഉത്തരവ് (എം.എസ്.)നം.4/16/ത.സ്വ.ഭ.വ തീയതി:11.01.2016 ഖണ്ഡിക നം.6.15(xi)(ഇ) യിൽ ഒരു സ്പിൽ ഓവർ പ്രൊജക്ട്, സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2015-16ൽ ആവിഷ്കരിച്ച 21 പദ്ധതികൾ ഇപ്പോഴും പാതി വഴിയിൽ നിൽക്കുകയാണ്. പദ്ധതി പൂർത്തീകരണത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ ചെയ്ത അഞ്ച് പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയിനത്തിൽ ലഭിക്കേണ്ട രൂ:2,56,070/- പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (തദ്ദേശ സ്വയം ഭരണ വകുപ്പ്) അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്ത് ചേർത്തിട്ടുണ്ട്.

ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന നിരത ദ്രവ്യം ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് ഇ.ഇ.യുടെ അക്കൗണ്ടിൽ നിന്നു തന്നെ തിരികെ കരാറുകാരന് ലഭ്യമാവുന്നുണ്ട്.

പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി സമർപ്പിച്ചിട്ടുണ്ട്.

1.അനുവദിച്ച തുകയുടെ 35.52% മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചുള്ളൂ

അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച 10,13,51,304/- രൂപയിൽ 3,59,98,514/-രൂപയാണ് (35.52%) ഈ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാനായത്. തനതു ഫണ്ടും ഗുണഭോക്തൃ വിഹിതവും ഒഴികെയുള്ള ഫണ്ടുകൾ മാത്രം കണക്കാക്കിയാൽ സർക്കാരിൽ നിന്നും ലഭിച്ച 9,83,42,051/- രൂപയിൽ 3,38,11,871/-രൂപ (34.38%) മാത്രമാണ് ചെലവഴിച്ചത്. 12ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം സർക്കാരിൽ നിന്നും ലഭിച്ച തുകകളിൽ 65.62% ചെലവഴിക്കാതിരുന്നത് ശരിയായ നടപടിയല്ല.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 7686110 | 2457179 | 31.97 |
| വികസന ഫണ്ട് (എസ്.സി.പി) | 419526 | 416289 | 99.23 |
| വികസന ഫണ്ട് (ടി.എസ്.പി) | 9501030 | 3598326 | 37.87 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 5896736 | 1665670 | 28.25 |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 25520739 | 2050507 | 8.03 |
| ഒ.ഡി.എഫിന് നൽകിയ വികസന ഫണ്ട് തിരികെ ലഭിച്ചത് | 20888350 | 12737388 | 60.98 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 21698252 | 8885864 | 40.95 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 6231308 | 2000648 | 32.11 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 500000 | 0 | 0 |
| തനത് ഫണ്ട് | 2959353 | 2186643 | 73.89 |
| ഗുണഭോക്തൃ വിഹിതം | 49900 | 0 | 0 |
| ആകെ | 101351304 | 35998514 | 35.52 |

2. നിശ്ചിത സമയ പരിധി കഴിഞ്ഞ് മരാമത്ത് പണികളുടെ കരാർ ഒപ്പുവെക്കുമ്പോൾ നിയമാനുസൃതം പിഴ ഈടാക്ക  ിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച് 7 ദിവസങ്ങൾക്കുള്ളിൽ സെലക്ഷൻ നോട്ടീസ് അയക്കുകയും, സെലക്ഷൻ നോട്ടീസ് അയച്ച തീയതിമുതൽ 14 ദിവസങ്ങൾക്കുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതും, ഈ സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്ത പക്ഷം അടുത്ത പത്ത് ദിവസങ്ങൾക്കുള്ളിൽ കരാർതുകയുടെ 1% പിഴയോടുകൂടി കരാർ വെക്കാവുന്നതും, ഈ പരിധിയും കഴിഞ്ഞാൽ ഇ.എം.ഡി കണ്ടുകെട്ടി ആ കരാറുകാരനെ ഒഴിവാക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ തക്കസമയത്ത് എഗ്രിമെന്റ് വെക്കാതിരുന്നിട്ടും പിഴ ഈടാക്കാതെ അതേ കരാറുകാരനതന്നെ പ്രവൃത്തി ഏൽപ്പിച്ചതായി കാണുന്നു.

എ)

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/പേര് | 189/17: വണ്ടൻപാറ രാജഗിരി റോഡ് പുനരുദ്ധാരണം |
| അടങ്കൽ | രൂ:1199370 |
| കോൺട്രാക്ടർ | ശ്രീ.കെ.ഡി.ഗിരിദാസ് |
| കരാർ നമ്പർ | 49/24.01.17 |
| ടെണ്ടർ അംഗീകരിച്ച തീയതി | 24.12.16 |
| പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി | 14.01.17 |
| കരാർ ഒപ്പിട്ട തീയ്യതി | 24.01.17 |
| കരാർ തുക | രൂ:11,99,368/- |
| ഈടാക്കേണ്ട പിഴ | രൂ:11,994/- |

ബി)

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/പേര് | 143/17:ജി.എൽ.പി.സ്കൂൾ ടോയ്‌ലറ്റ് |
| അടങ്കൽ | 1045150/- |
| കോൺട്രാക്ടർ | ശ്രീ.ജംഷീർ നരുക്കോട്ടിൽ |
| കരാർ നമ്പർ | 64/01.02.17 |
| ടെണ്ടർ അംഗീകരിച്ച തീയതി | 24.12.16 |
| പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി | 14.01.17 |
| കരാർ ഒപ്പിട്ട തീയ്യതി | 01.02.17 |
| കരാർ തുക | 10,45,142/- |
| ഈടാക്കേണ്ട പിഴ | ₹10,451/- |

സി)

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/പേര് | 197/17:കിഴക്കേക്കര എടപ്പാറ റോഡ് പുനരുദ്ധാരണം. |
| അടങ്കൽ | രൂ:599700/- |
| കോൺട്രാക്ടർ | കെ.ജി.ഗിരിദാസ് |
| കരാർ നമ്പർ | 50/24.01.17 |
| ടെണ്ടർ അംഗീകരിച്ച തീയതി | 24.12.16 |
| പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി | 14.01.17 |
| കരാർ ഒപ്പിട്ട തീയ്യതി | 24.01.17 |
| കരാർ തുക | രൂ:599,682/- |
| ഈടാക്കേണ്ട പിഴ | ₹5,997/- |

പിഴയായി ഈടാക്കേണ്ട ₹28442/- ( 11,994+10,451+ 5,997) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ അടക്കേണ്ടതാണ്.

[ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/15.09.2017) പിഴയായി ഈടാക്കേണ്ട തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി സമർപ്പിച്ചിട്ടുണ്ട്.]

3.നായ്ക്കർപാടി കോട്ടത്തറ നിവാസികൾക്ക് കുടിവെള്ളം ഉറപ്പാക്കണം :

2016-17 വർഷം ആവിഷ്കരിച്ച പ്രോജക്ട് നം.231/17:നായ്ക്കർ പടി കോട്ടത്തറ DWS പുനരുദ്ധാരണം എന്ന പ്രവൃത്തി ഏറ്റെടുക്കാനായി സമർപ്പിക്കപ്പെട്ട 3 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ തുക (രൂ:463,835/-) രേഖപ്പെടുത്തിയ ശ്രീ.മൂർത്തി എന്നവരുടെ ടെണ്ടർ 31.12.16ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു എങ്കിലും കരാർ ഒപ്പുവെച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/15.09.2017) ഇതേ പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി തുക വകയിരുത്തിയതായി അറിയാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 20.01.2017ലെ തീരുമാനം നം.1ന്റെ അടിസ്ഥാനത്തിൽ പദ്ധതി ഒഴിവാക്കാൻ തീരുമാനിച്ചതിനാലാണ് കരാർ ഒപ്പുവെക്കാതിരുന്നതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 22.09.2017ന് മറുപടി നൽകിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ പദ്ധതി യാഥാർത്ഥ്യമാവുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നായ്ക്കർപാടി കോട്ടത്തറ കുടിവെള്ള പദ്ധതി പുനരുദ്ധരിച്ച് പ്രദേശനിവാസികൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തന്നെ നടപടികൾ സ്വീകരിക്കണം.

4.പഞ്ചായത്ത് അനക്സ് & കോൺഫറൻസ് ഹാൾ നിർമ്മാണം പൂർത്തീകരിക്കണം :

29/17:പഞ്ചായത്ത് അനക്സ് & കോൺഫറൻസ് ഹാൾ എന്ന പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ ആയി ഓഡിറ്റ് വർഷം രൂ:2050507/- ബിൽ നം.16/23.02.17 നൽകിയിട്ടുണ്ട്. രണ്ടാം പാർട്ട് ബിൽ തുക 2016-17 വർഷം നൽകിയിട്ടുണ്ട്. ലോക ബാങ്ക് ധനസഹായത്തിൽ നിന്നും രൂ:50,00,000/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതി പൂർത്തിയാക്കി അവസാന ബിൽ തുക അനുവദിക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് [നം.31(2)/23.09.17] പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും സെപ്റ്റംബർ മാസം തന്നെ ഫൈനൽ ബിൽ തുക കൈമാറുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (എം.എസ്)നം.362/2013 /ത.സ്വ.ഭ.വ. തീയതി:16.11.13 ഖണ്ഡിക നം.11.13(xiv)(സി) ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം എസ്റ്റിമേറ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം എന്നും ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്ങ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ആയി കഴിഞ്ഞാൽ അവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം ഈ പ്രവൃത്തികൾ ചെയ്യുകയുമാണ് വേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച് കെട്ടിടം ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5.നക്കുപ്പതി പിരിവ് താഴെ ഊര് പാലം ഉപയോഗ പ്രദമാക്കണം .

19/17:നക്കുപ്പതി പിരിവ് താഴെ ഊര് പാലം എന്ന സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം പട്ടിക വർഗ ഉപ പദ്ധതിക്കുള്ള ഫണ്ടിൽ നിന്നും രൂ:458352/- ചെലവഴിച്ച് നടപ്പാലം നിർമ്മിച്ചിട്ടുണ്ട്. 201/17:നക്കുപ്പതി പിരവ് നടപ്പാലം പൂർത്തീകരണം എന്ന പ്രവൃത്തിക്കായി ഇതേ കാലയളവിൽ രൂ:200,000/- ചെലവഴിച്ചിട്ടുണ്ട്. ഓ.ഡി.എഫിനായി നൽകിയ പ്ലാൻ ഫണ്ട് തിരികെ ലഭിച്ചതിൽ നിന്നുമാണ് ഈ പദ്ധതിക്ക് തുക വകയിരുത്തിയത്. പാലത്തിന്റെ ഇരുവശങ്ങളിലായി സംരക്ഷണ ഭിത്തിയും റാംപും നിർമ്മിക്കാനാണ് ഈ തുക അനുവദിച്ചത്.



രണ്ടു പദ്ധതികളിലൂടെ രൂ:6,58,352/- ചെലവഴിച്ചിട്ടുണ്ടെങ്കിലും 27.02.17ൽ പൂർത്തിയായ ഈ പാലം ഉപയോഗയോഗ്യമല്ലെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. പാലത്തിനു സമീപത്തേക്ക് പോകാനായി വഴി നിലവിലില്ല. തോടിന്റെ, ഒരടി പോലും വീതിയില്ലാത്ത സംരക്ഷണ ഭിത്തിയാണ് നടപ്പാതയായി ജനങ്ങൾ ഉപയോഗിക്കുന്നത്. കോളനി നിവാസികൾക്ക് കൃഷി സ്ഥലത്തേക്കു പോകുന്നതിനായി ഉണ്ടാക്കിയ ഈ പാലത്തിലേക്ക് എത്തിച്ചേരുന്നതിന് വഴിയില്ലാത്തതിനാൽ കന്നുകാലികളെ കൊണ്ടു പോകുന്നതിനും, സാധാരണ ജനങ്ങൾക്ക് സഞ്ചരിക്കുന്നതിനും ഈ പാലം പ്രയോജനപ്പെടുന്നില്ല. തോടിന്റെ വീതി കുറഞ്ഞ സംരക്ഷണഭിത്തിയിലൂടെ സാഹസികമായി നടന്നു മാത്രമേ ഈ പാലത്തിലേക്ക് കയറാൻ സാധിക്കൂ. ഈ പാലത്തിന്റെ കൈവരി ഇപ്പോൾ തന്നെ ഇളകുന്ന അവസ്ഥയിൽ ആണ്. പാലത്തിലേക്ക് കയറുന്നതിനായി നിർമ്മിച്ച റാംപ് കോൺക്രീറ്റ് ചെയ്യാത്തതിനാൽ അതിനകത്ത് ഫിൽ ചെയ്ത മണ്ണ് മഴയത്ത് താഴ്ന്നു, ഒലിച്ചും പോയിട്ടുണ്ട്. അതിനാൽ റാമ്പിന്റെ രണ്ടുഭാഗത്തും നിർമ്മിച്ച സംരക്ഷണ ഭിത്തിയിലൂടെ വേണം പാലത്തിലേക്ക് കയറാൻ.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/23.09.17) അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ, വഴി സൗകര്യമുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഭരണ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഭരണ സമിതി ഈ കാര്യത്തിൽ പ്രത്യക ശ്രദ്ധ പതിപ്പിക്കുകയും പ്ലാൻ ഫണ്ടിൽ നിന്നും ഏഴു ലക്ഷത്തോളം രൂപ ചെലവഴിച്ചു നിർമ്മിച്ച ഈ പാലം കോളനി നിവാസികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6.വയോജന സൌഹൃദ ബസ് വെയ്റ്റിങ്ങ് ഷെഡ് നിർമ്മാണം - ഓടപ്പെട്ടി– അധികം നൽകിയ തുക ക്രമീകരിക്കണം .

അടങ്കൽ: ₹:2,42,913/- (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ്: ₹:2,41,936/- (ബിൽ നം.38/30.03.2017)

അളവു പുസ്തകം നം.110/16-17

ആകെ പ്രവൃത്തി മൂല്യം: ₹:2,41,936/-

കൺവീനർ: മനോഹരൻ

i) ഗുണഭോക്തൃ സമിതി മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വയോജന സൌഹൃദ ബസ് വെയ്റ്റിങ്ങ് ഷെഡ് നിർമ്മാണം - ഓടപ്പെട്ടി എന്ന പ്രവൃത്തിയുടെ ബിൽ തുക നൽകുമ്പോൾ 13.88ചതുരശ്ര മീറ്റർ വിട്രിഫൈഡ് ടൈൽസിന് ₹:1789.89 നിരക്കിൽ തുക അനുവദിച്ചതായി കാണുന്നു. എന്നാൽ ഇരിപ്പിടത്തിൽ 4.55$m^2$ മാത്രമാണ് വിട്രിഫൈഡ് ടൈൽസ് പതിച്ചത്. ബാക്കി 9.33$m^2$ ന് സെറാമിക് ടൈലാണ് പതിച്ചിരിക്കുന്നത് എന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.




ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.32/24.09.2017നുള്ള മറുപടിയിൽ ഇരിപ്പിടത്തിന്റെ താഴെയുള്ള സ്ഥലത്ത് പതിച്ചിട്ടുള്ള vitrified wall tileന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല എന്നും ഇതും floor tileന്റെ വിലയും കൂടി കണക്കാക്കിയാൽ അനുവദിച്ച തുക വരുന്നുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

വെയ്റ്റിങ്ങ് ഷെൽറ്ററിൽ ഉപയോഗിച്ചിരിക്കുന്ന ടൈലുകളുടെ അളവുകൾ ഇനം തിരിച്ച് കണക്കാക്കി അനുവദനീയമായ നിരക്ക് പ്രകാരം എത്ര തുക വരുമെന്ന് കണക്കാക്കേണ്ടതാണ്. ഇത് ഇപ്പോൾ അനുവദിച്ചിരിക്കുന്ന ₹:24,834/-നേക്കാൾ കുറവാണെങ്കിൽ വ്യത്യാസം തിരിച്ചടക്കേണ്ടതാണ്.

ii) ഓഡിറ്റ് ടീം പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ, വയോജനങ്ങൾക്ക് നീക്കിവെക്കേണ്ട പദ്ധതി തുക ഉപയോഗിച്ച് നിർമ്മിച്ച ഈ ബസ് വെയ്റ്റിങ്ങ് ഷെൽട്ടറിൽ സാധാരണ ബസ് വെയ്റ്റിങ്ങ് ഷെൽട്ടറിൽ നിന്നും വ്യത്യാസമൊന്നും വരുത്താത്തതും ഇരിപ്പിടം ക്രമീകരിച്ചിരിക്കുന്നത് സാധാരണയിലും കൂടുതൽ ഉയരത്തിലും ആണെന്നകാര്യം ഓഡിറ്റ് അന്വേഷണം നം.32/24.09.2017ൽ പരാമർശിച്ചിരുന്നു. അഗളി ഗ്രാമ പഞ്ചായത്തിന്റെ ഭൂമി ശാസ്ത്ര പ്രത്യേകതകൾ കാരണം ഇവിടത്തെ വയോജനങ്ങൾ ശാരീരിക ക്ഷമത കൂടുതലുള്ളവരാണെന്നും വയോജനങ്ങളുടെ ആവശ്യപ്രകാരമാണ് സാധാരണ വെയിറ്റിങ്ങ് ഷെൽറ്റർ നിർമ്മിച്ചത് എന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി സമർപ്പിച്ചത്. വെയ്റ്റിങ്ങ് ഷെൽറ്ററിന്റെ നാലു ഭാഗവും തുറന്നു കിടക്കുന്നതിനാലും അത് സ്ഥാപിച്ച സ്ഥലത്തിന്റെ ഭൂപ്രദേശത്തിന്റെ പ്രത്യേകത അനുസരിച്ചും മഴ പെയ്യുമ്പോൾ ഷെൽറ്ററിന്റെ ഇരിപ്പിടവും നിലവും പൂർണ്ണമായും നനയുന്ന അവസ്ഥയിലാണ്.

സർക്കാർ ഉത്തരവ് (എം.എസ്) 4/2016/ത.സ്വ.ഭ.വ /തീയ്യതി.11.01.2016 ഖണ്ഡിക 8:1(ii) പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിനായി മാറ്റിവെക്കേണ്ട പദ്ധതി തുക ഉപയോഗിച്ച് ആവിഷ്കരിക്കുന്ന പ്രൊജക്ടുകളുടെ പ്രയോജനം ആ വിഭാഗത്തിനു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-22 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2016-17 വർഷത്തെ പദ്ധതി നടത്തിപ്പു രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | വിശദാംശം | 2016-17 വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 8393 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 8341 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 3658 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 62,05,80,000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 1554 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 1014 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 1എണ്ണം |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 12,54,17,631 |
| 9 | തൻവർഷത്തെ ചെലവ് | 12,54,16,631 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 5846 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 5846 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1442 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഒന്നുമില്ല. |

| ക്രമനം. | വിശദാംശം | 2016-17 വർഷം |
|---|---|---|
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഒന്നുമില്ല. |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് | ഒന്നുമില്ല. |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | റോഡ് - 5 എണ്ണം |
| | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | മാർച്ച് 2017 |
| 18 | പരാതി രജിസ്റ്ററിന്റെ വിവരം | സൂക്ഷിക്കുന്നുണ്ട്. ഈ കാലയളവിൽ ലഭിച്ച പരാതികളിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഒന്നുമില്ല. |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2011-12 വർഷം | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 38 | 5194696 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 13 | 1150070 |
| 3 | ചെറുകിട ജലസേചനം | 0 | 0 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 637 | 84640990 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 25 | 4029278 |
| 6 | ഭൂവികസനം | 4 | 820000 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 1 | 103456 |
| 8 | വീട്ടു നിർമ്മാണം-ഐ.എ.വൈ | 829 | 8400000 |
| 9 | റോഡ് നിർമ്മാണം | 5 | 642237 |
| | ആകെ | 1552 | 104980727 |

വരവു ചെലവുകളുടെ വിവരം :

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 1231.00 | ഭരണ നിർവ്വഹണ ചെലവ് | 2490780 |
| ഭരണ നിർവ്വഹണം-വരവ് | 2475277.00 | വേതനം - EFMS | 122541790.00 |
| ബാങ്ക് പലിശ | 15272.00 | ബാങ്ക് ചാർജ്ജ് | 0 |

| | | | |
|---|---|---|---|
| വേതനം - EFMS | 122541790.00 | | |
| | | നീക്കിയിരിപ്പ് | 1000 |
| ആകെ | 125033570 | ആകെ | 125033570 |

അവലോകനം

2016-17 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 62,05,80,000 |
| | ചെലവഴിച്ച തുക | 12,54,16,631 |
| | ശതമാനം | 20.21% |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 8393 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 5846 |
| | ശതമാനം | 69.65% |
| 3 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1442 |
| 4 | തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ? | റോഡ് നിർമ്മാണം - 5 എണ്ണം |

രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ 69.65% മാത്രമാണ് തൊഴിൽ ആവശ്യപ്പെടുന്നത്. തൊഴിൽ ആവശ്യപ്പെടുന്നവരിൽ 24.67% പേർക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നത്.

തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടിന്റെ വിവരം :

പ്രവൃത്തിക്ക് ഹജരാകാതെ മെയ്റ്റിന്റെ അനുവാദത്തോടെ മസ്റ്റർ റോളിൽ ഒപ്പുവച്ച് അനധികൃതമായി കൂലി കൈപ്പറ്റുകയും ഇത് സംബന്ധിച്ച് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് വിഭാഗത്തിലെ ജീവനക്കാരും ഗ്രാമ പഞ്ചായത്ത് അധികൃതരും നടത്തിയ അന്വേഷണത്തിൽ മെയ്റ്റ്മാർ ഉൾപ്പെടെ 14 തൊഴിലാളികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇവരിൽ നിന്നും അനധികൃതമായി കൈപ്പറ്റിയ വേതനം ₹95404/- ഈടാക്കിയിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

### 4-6 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക (Reciept and Payment Statement ഷെഡ്യൂൾ-RP-10) പ്രകാരം ഈയിനത്തിൽ തൻവർഷം 9035 വരവുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമായില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-5 | 2004-05 | 3.9.1.4.1 | നിർവ്വഹണചെലവ്-പരിധി പാലിച്ചില്ല | തീർപ്പാക്കിയിട്ടില്ല |
| 1999-2000 | 2-18 | 2004-05 | 3.9.1.4.2 | 1.86 കോടി രൂപയുടെ ചെലവ് രേഖയില്ല | തീർപ്പാക്കിയിട്ടില്ല |
| 2000-01 | 17 | | | | |
| 2001-02 | 7 | | | | |
| 1999-2000 | 2-17 | 2004-05 | 3.9.1.4.3 | ജലവിതരണപദ്ധതി-കിണർ ചവറുനിക്ഷേപ കുഴിയായി. | തീർപ്പാക്കിയിട്ടില്ല |
| 1999-2000 | 2-14 14എ | 1999-00 | 3.9.1.4.4 | നിർവ്വഹണ രേഖയില്ല | തീർപ്പാക്കിയിട്ടില്ല |
| 2013-14 | 3-1 | | | അങ്കണവാടി പോഷകാഹാര വിതരണത്തിലെ ക്രമക്കേടുകൾ(ഓഡിറ്റ് ഇംപാക്ട്) | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 153459018.57 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 136884036 |
| വരവിനങ്ങളിലുള്ള നഷ്ടം | 3731 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30842 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3063983 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ (₹) | |
| 2-1 സി | 250 | - | ശ്രീ ഗോപി.ടി.എസ്. സെക്രട്ടറി ഇൻചാർജ് |
| 2-11 | 3481 | - | ശ്രീമതി ദീപ ജയൻ, കൃഷി ഓഫീസർ |
| 3-21(2) | | 28442 | ശ്രീ. ബാബു. ബി.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 2400 | ശ്രീ. ജെ.ജോൺ (അസിസ്റ്റന്റ് സെക്രട്ടറി & സെക്രട്ടറി ഇൻചാർജ്) |
| ആകെ | 3731 | 30842 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 200000 | ശ്രീമതി. വസന്തി.ആർ, ഹെഡ് മിസ്ട്രസ് |
| 3-2 | 232650 | ശ്രീമതി. വസന്തി.ആർ, ഹെഡ് മിസ്ട്രസ് |
| 3-3 | 479500 | ശ്രീ.റ്റി.ജി.കനകാംബരൻ, സെക്രട്ടറി |
| 3-4 | 490000 | ശ്രീ.റ്റി.ജി.കനകാംബരൻ, സെക്രട്ടറി |
| 3-5 | 295200 | ശ്രീ.റ്റി.ജി.കനകാംബരൻ, സെക്രട്ടറി |
| 3-6 | 176250 | ശ്രീ.റ്റി.ജി.കനകാംബരൻ, സെക്രട്ടറി |
| 3-7 | 399678 | ശ്രീമതി. വസന്തി.ആർ, ഹെഡ് മിസ് |
| 3-8 | 286216 | ശ്രീ. സുരേഷ്.എൻ.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 258960 | ശ്രീ.റ്റി.ജി.കനകാംബരൻ, സെക്രട്ടറി |
| 3-13 | 409868 | ശ്രീ.റ്റി.ജി.കനകാംബരൻ, സെക്രട്ടറി |
| ആകെ | 3228322 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

₹17441.00 വിൽപ്പന നികുതി വകുപ്പിനും സംസ്ഥാന സർക്കാരിനും, ₹4360.00 ആദായ നികുതി വകുപ്പിനും ₹4360.00 കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിനും. (ഖണ്ഡിക 3-13)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബു.ബി.എം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD സെക്ഷൻ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണ വിലാസ് ഹൗസ്, വടകോട്ടത്തറ, പിൻ.678581 |
| ശ്രീ. ജെ.ജോൺ (അസിസ്റ്റന്റ് സെക്രട്ടറി & സെക്രട്ടറി ഇൻചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി, പുല്ലൂർ പെരിയ, കാസർക്കോട്. | പുത്തനഴിക്കാംതോപ്പ്, ഇരവിപുരം പി.ഒ., മുണ്ടക്കൽ വില്ലേജ്, കൊല്ലം - 691011 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP12-467/03/3-7-2003 | ഫർദർറിമാർക്സ് |
| 1997-98 | LFP12-505/03/5-7-2003 | ഫർദർ റിമാർക്സ് |
| 1998-99 | LF P 12-999/05/15-2-2006 | ഫർദർ റിമാർക്സ് |
| 1999-00 | LFP 12-1683/ 07/21.1.08 | ഫർദർ റിമാർക്സ് |
| 2000-01 | LF P12-1684/07/21.1.08 | ഫർദർ റിമാർക്സ് |
| 2001-02 | LF P12-80/ 09/18.08.09 | ഫർദർ റിമാർക്സ് |
| 2002-03 | LF P12-81/09/26-6-2009 | ഫർദർ റിമാർക്സ് |
| 2003-04 | LF P17-228/10/22-9-2010 | ഫർദർ റിമാർക്സ് |
| 2004-05 | LF P17-1460/10/16-8-2010 | ഫർദർ റിമാർക്സ് |
| 2005-06 | LF P17-567/10/27.10.10 | ഫർദർ റിമാർക്സ് |
| 2006-07 | LF P12-85/10/27.10.10 | ഫർദർ റിമാർക്സ് |
| 2007-08 | LFP17-1202/10/14-7-11 | ഫർദർ റിമാർക്സ് |
| 2008-09 | LFP17/1203/10/14-7-11 | ഫർദർ റിമാർക്സ് |
| 2009-10 | LFP17/748/12/03-07-2012 | ശുദ്ധിപത്രം |
| 2010-11 | LFP17/1436/13/06-11-13 | ഫർദർ റിമാർക്സ് |
| 2011-12 | LFP17/232/14/07-03-14 | ഫർദർ റിമാർക്സ് |
| 2012-13 | L F P 17/390/15/ 18-05-15 | ഫർദർ റിമാർക്സ് |
| 201314& 2014-15 | കെ.എസ്.എ-പി.കെ.ഡി19/1365/2016, തീയതി.03-08-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ-പി.കെ.ഡി24/2146/2016, തീയതി.18-01-2017 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, പാലക്കാട്.

1

## അനുബന്ധം

നം.കെ.എസ്.എ-പി.കെ.ഡി 24-2007/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി 01.11.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അഗളി ഗ്രാമ പഞ്ചായത്തിന്റെ 31.3.2017 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഗളി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതാ സംഗ്രഹം

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണം. സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

4.ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണം. സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

5. വസ്തുനികുതി, തൊഴിൽ നികുതി, ഡി & ഒ, ബിൽഡിംഗ് പെർമിറ്റ് വാടക വിനോദനികുതി, വെള്ളക്കരം എന്നിവയുടെ സംക്ഷിപ്തം ഡിമാന്റ് രജിസ്റ്ററിൽ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

No. KSA-PKD 24-2007/2017

Kerala State Audit Department
District Audit Office, Palakkad.
Date: 01.11.2017.

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of AGALI GRAMA PANCHAYATH for the year ended 31.03.2017 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of AGALI GRAMA PANCHAYATH prepared for the year 2016-17 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

Abstract of defects

1.The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .
2.The Property Tax figures shown in AFS, are not in agreement with the Sanchaya Software.
3.Advance register is incomplete and abstract is not prepared.

4.Deposit register is incomplete and abstract is not prepared.
5. The abstract of Property Tax, Profession Tax, D&O, Building permit, Rent, Entertainment Register, Water Tax is not prepared, Certified by the Secretary in the respective Demand Register.

Deputy Director.